പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

### പീരിയോഡിക്കൽ റിപ്പോർട്ട്

(2016 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th October 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

858/2016.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |
| അനുബന്ധം .. | 38 |

# സബ്ജക്ട് കമ്മിറ്റി XII

# ആരോഗ്യവും കുടുംബക്ഷേമവും

# (2016-2018)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. മമ്മൂട്ടി

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. കെ. ശശി

ശ്രീ. ബി. സത്യൻ

ശ്രീ. വി. എസ്. ശിവകുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2013-2016 കാലയളവിലെ സബ്ജക്ട് കമ്മിറ്റി XII, 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 22-4-2015, 4-5-2015, 13-7-2015, 16-9-2015, 7-12-2015, 9-3-2016 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 22-4-2015, 4-5-2015 എന്നീ തീയതികളിലെ യോഗങ്ങൾ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായും മറ്റ് 4 യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർനില 54% ആയിരുന്നു.

ഈ റിപ്പോർട്ട് എട്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെയും സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശവും മൂന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് ലഭിക്കാത്ത സർക്കാർ മറുപടികളും നാലാം ഭാഗത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം ഭാഗത്തിൽ സമിതിയുടെ വിവിധ യോഗങ്ങളിലെ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശങ്ങളും ആറാം ഭാഗത്തിൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങളേയും സാധൂകരണം നൽകിയ ചട്ടങ്ങളേയും സംബന്ധിച്ച വിശദാംശങ്ങളും ഏഴാം ഭാഗത്തിൽ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും എട്ടാം ഭാഗത്തിൽ സമിതിയുടെ പരിഗണനാവിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷികപ്രവർത്തന റിപ്പോർട്ടുകളും കാലതാമസപത്രികകളും സഭയുടെ മേശപ്പുറത്തുവച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി(അനുബന്ധം I) ചേർത്തിരിക്കുന്നു.

20-9-2016-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,

*ചെയർപേഴ്സൺ,*

*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,

2016 സെപ്റ്റംബർ 20.

# റിപ്പോർട്ട്

## ഭാഗം - I

1. സമിതി സൂക്ഷ്മപരിശോധന നടത്തിയ ധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളും

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 22-4-2015-ാം തീയതി 2015-16 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും, ആയത് സംബന്ധിച്ച കരട് റിപ്പോർട്ട് 4-5-2015-ലെ സമിതിയോഗം അംഗീകരിക്കുകയും ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതിസഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XX X - ഭക്ഷ്യവും (2236-പോഷകാഹാരം)

2. 1-4-2014 മുതൽ 31-3-2015 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2015 ജൂലായ് 23-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2015 ജൂലായ് 23-ാം തീയതി സഭയിൽ സമർപ്പിച്ചു.

4. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം ചർച്ച ചെയ്ത് തയ്യാറാക്കിയ 'പെയിൻ & പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 23-7-2015 ൽ സഭയിൽ സമർപ്പിച്ചു.

5. സമിതി 2015 ജനുവരി മാസം 18 മുതൽ 25 വരെ "വനിതകളുടെ ശാക്തീകരണം" എന്ന വിഷയം സംബന്ധിച്ചുള്ള പഠനാനുബന്ധമായി കർണ്ണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, ഡെൽഹി എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയും പ്രസ്തുത സംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവയുടെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തുകയും അതു സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ഭാഗം II

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

സമിതിയുടെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ ലഭിച്ച നടപടിസ്റ്റേറ്റ്മെന്റുകൾ 13-7-2015, 16-9-2015, 7-12-2015, 9-3-2016 എന്നീ തീയതികളിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

#### ശിപാർശ

ആശുപത്രികളിലെ സൗകര്യങ്ങളുടെ നിലവാരം ക്രമീകരിച്ച് നിലവിലുള്ള ന്യൂനതകൾ കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഘട്ടം ഘട്ടമായി പരിഹരിക്കുന്നതിനുള്ള ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷത്തിൽ 10.5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ഈ ഇനത്തിൽ 30 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 66A)

#### സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

### ശിപാർശ

സൊസൈറ്റിക്ക് അനുവദിക്കുന്ന പണം ലക്ഷ്യമിട്ട രീതിയിൽ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് തന്നെ ഫലപ്രദമായ രീതിയിൽ ചെലവഴിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമത എങ്ങനെ മെച്ചപ്പെടുത്താം എന്ന് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനും ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

(ഖണ്ഡിക 99)

### സ്വീകരിച്ച നടപടി

KHRWS-ന്റെ നിലവിലെ പ്രവർത്തനം തൃപ്തികരമാണ്. എങ്കിലും സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സൊസൈറ്റിയുടെ പുനർക്രമീകരണത്തിനായി, താഴെപ്പറയും പ്രകാരമുള്ള ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള ഒരു ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(1) സൊസൈറ്റിയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ നേരിട്ടുള്ള നിയമനം നടത്തുക.

(2) റീജിയണൽ ഓഫീസുകളുടെ പുനഃക്രമീകരണം

(3) സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുക

(4) ACR ലാബുകളുടെ നവീകരണം

(5) സ്റ്റാഫ് സ്ട്രങ്ത് പുനഃക്രമീകരിക്കുക

(6) പേവാർഡുകളുടെ നവീകരണം

(7) ജനറേറ്റർ സൗകര്യം ഒരുക്കുക

(8) വെള്ളം-വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുക

(9) സൊസൈറ്റിയെ ഒരു അക്രഡിറ്റഡ് ഏജൻസിയായി എംപാനൽ ചെയ്യുക.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത്

റിപ്പോർട്ട് (2014-15)

ശിപാർശ

തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ മാനസികാരോഗ്യ ചികിത്സ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക്കുകൾ നടത്തുക, മരുന്നുകൾ, സ്റ്റേഷനറി എന്നിവ വാങ്ങുക, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്, ഉപകരണങ്ങളുടെ മെയിന്റനൻസ് തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (അനുബന്ധം 1)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ ഓഫീസ് സ്റ്റേഷനറി, സൈക്യാട്രി ഇൻസ്പെക്ടർമാരുടെ TA/DA, മറ്റ് അനുബന്ധചെലവുകൾ എന്നിവയ്ക്കായി ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(അനുബന്ധം 2)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

പകർച്ചവ്യാധികൾ തടയുന്നതിനുള്ള മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ, ലബോറട്ടറി ഇനങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചർ മുതലായവ വാങ്ങുന്നതിനും ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള സ്ക്രീനിംഗ്, പകർച്ചവ്യാധി, പുതിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രത്യേക പരിപാടി, നഗരപ്രദേശങ്ങളിലെ

പ്രത്യേക പരിപാടികൾ, കൊതുക നിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-3)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

നവജാത ശിശുക്കളുടെ ജന്മനായുള്ള തകരാറുകളായ കൺജനിറ്റൽ ഹൈപ്പോതൈറോയ്ഡിസം, കൺജനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ, ജി-6 പി.ഡി. ഡഫിഷ്യൻസി, ഫിനൽ കൊറ്റോന്യൂറിയ എന്നീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-4)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ഭരണഭാഷ മലയാളമാക്കുന്നതിന് വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 99000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-5)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയായി 10,000 രൂപ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

ജില്ലാ ആശുപത്രികൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ഭക്ഷണവിതരണം, മരുന്നു വിതരണം, മറ്റ് കണ്ടിജന്റ്

ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

പത്ത് നഴ്സിംഗ് സ്കൂളുകളുടെ ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെ സൂചിപ്പിച്ചിട്ടുള്ള ഉപശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-74-02-വേതനം-10 ലക്ഷം രൂപ

2210-05-105-74-05-02-വൈദ്യുത ചെലവ്-4 ലക്ഷം രൂപ

2210-05-105-74-05-03-ടെലഫോൺ ചെലവ്-50,000 രൂപ

2210-05-105-74-05-4-മറ്റിനങ്ങൾ-1.5 ലക്ഷം രൂപ

2210-05-105-74-12-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും-23 ലക്ഷം രൂപ

2210-05-105-74-28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കും ചെലവുകൾ-50,000 രൂപ

2210-05-105-74-34-മറ്റിനങ്ങൾ-1 ലക്ഷം രൂപ

2210-05-105-74-45-പി.ഒ.എൽ-2 ലക്ഷം രൂപ

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

നേഴ്സിംഗ് സ്കൂളിനുള്ള വൈദ്യുതി ചെലവ്, സ്കോളർഷിപ്പുകൾ, സ്റ്റൈപ്പന്റുകൾ എന്നീ ഇനങ്ങൾക്കായി ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2210-06-003-94-05-2 എന്ന ശീർഷകത്തിൽ

60,000 രൂപയും 2210-06-003-94-12 എന്ന ശീർഷകത്തിൽ 5.5 ലക്ഷം രൂപ ഉൾപ്പെടെ ആകെ 6.1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 9)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

കണ്ണൂർ ജില്ലയിലെ പരിയാരത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രെയിനിംഗുമായി ബന്ധപ്പെട്ട വാഹന സൗകര്യത്തിനായും ഈ ഇനത്തിൽ നിലവിലുള്ള ഇന്ധനചാർജ്ജിനത്തിനുള്ള കുടിശ്ശിക തീർക്കുന്നതിനായും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

14 ജില്ലകളിലെയും മന്തുരോഗനിവാരണ യൂണിറ്റുകളിലെ ജീവനക്കാരുടെ ശമ്പളം സ്പാർക്ക് മുഖേന മാറ്റുന്ന സംവിധാനമേർപ്പെടുത്തിയതിനെ തുടർന്ന് ഓഫീസിൽ ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും ആയതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 11)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

ആരോഗ്യമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും നിർദ്ധനരായ രോഗികൾക്കു നൽകുന്ന സഹായത്തിനുള്ള ധാരാളം അപേക്ഷകൾ തീർപ്പാക്കാനുള്ള

സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-14)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

കേരളസ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

ശിപാർശ

എയ്ഡ്സ് ബാധിതരുടെ യാത്രാബത്ത, ചികിത്സാധനസഹായം, എയ്ഡ്സ് ബാധിതരായി മരിച്ചവരുടെ ഭാര്യ/ഭർത്താവിന് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 400.7728 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ 30.03.2015-ലെ സ.ഉ.(സാധാ) നം. 3147/2015/ധന. പ്രകാരം 50,00,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പ്

ശിപാർശ

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, മറ്റിനങ്ങൾ, യാത്രാബത്ത, അവധി യാത്രാ ആനുകൂല്യം, സംരക്ഷണം, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി അനുവദിച്ച തു അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-001-99-05-2 | -വൈദ്യുതി ചെലവ് - | 1.5 ലക്ഷം രൂപ |
| 2210-02-001-99-05-3 | -ടെലഫോൺ ചെലവ്- | 1.5 ലക്ഷം രൂപ |
| 2210-02-001-99-05-4 | -മറ്റിനങ്ങൾ - | 1.7 ലക്ഷം രൂപ |
| 2210-02-001-99-04 | -യാത്രാബത്ത - | 5 ലക്ഷം രൂപ |
| 2210-02-001-99-18 | -സംരക്ഷണം - | 1 ലക്ഷം രൂപ |
| 2210-02-001-99-21 | -മോട്ടോർ വാഹനങ്ങൾ- | 30,000 രൂപ |

(ഖണ്ഡിക-17)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2210-02-001-98- ജില്ലാ മെഡിക്കൽ ഓഫീസ് എന്ന ശീർഷകത്തിലെ യാത്രാ ചെലവുകൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വൈദ്യുത ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-001-98-04-1 | - യാത്രാബത്ത | - 3 ലക്ഷം രൂപ |
| 2210-02-001-98-05-2 | - ഓഫീസ് ചെലവുകൾ | - 2 ലക്ഷം രൂപ |
| 2210-02-001-98-05-3 | - ടെലഫോൺ ചാർജ്ജ് | - 1 ലക്ഷം രൂപ |
| 2210-02-001-98-2 | - സംരക്ഷണവും അറ്റകുറ്റപ്പണികളും | -2.25 ലക്ഷം രൂപ |
| 2210-02-001-98-06 | - വാടക, കരം, നികുതി | - 1 ലക്ഷം രൂപ |
| 2210- 02-001-98-45 | - പി.ഒ.എൽ | - 2 ലക്ഷം രൂപ |

(ഖണ്ഡിക-18)

**<u>സ്വീകരിച്ച നടപടി</u>**

2210-02-001-98-06 ആർ.ആർ.റ്റി എന്ന ശീർഷകത്തിൽ 3,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

### ശിപാർശ

14 ജില്ലകളിലേയും ആയുർവേദ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-19)

### സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

### ശിപാർശ

വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ വൈദ്യുതി ചെലവിനായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-20)

### സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

### ശിപാർശ

വിവിധ സ്ഥാപനങ്ങൾക്ക് വാടക ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-21)

### സ്വീകരിച്ച നടപടി

2210-02-101-97-06-ആർ.ആർ.റ്റി എന്ന ശീർഷകത്തിൽ 2,49,000/- രൂപ അനുവദിക്കുകയുണ്ടായി.

### ശിപാർശ

14 ജില്ലകളിലെയും ആയുർവേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-198-50 - വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം

- 24 - സാധന സാമഗ്രികൾ -5.5 ലക്ഷം രൂപ

2210-02-197-50 - ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം

- 24 - സാധന സാമഗ്രികൾ - 1.5 ലക്ഷം രൂപ

2210-02-196-50 - ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം

- 24 - സാധന സാമഗ്രികൾ - 1.5 ലക്ഷം രൂപ

2210-02-192-50 - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

- 24 - സാധന സാമഗ്രികൾ - 2 ലക്ഷം രൂപ

2210-02-191-50 - കോർപ്പറേഷനുകൾക്കുള്ള ധനസഹായം

- 24 - സാധന സാമഗ്രികൾ - 1.5 ലക്ഷം രൂപ

(ഖണ്ഡിക-22)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

ജില്ലകളിലെ സിദ്ധ വൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-196-50 - ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം.

- 24 - സാധന സാമഗ്രികൾ -5000/- രൂപ

2210-02-192-50 - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

- 24 -സാധന സാമഗ്രികൾ -15,000/- രൂപ

(ഖണ്ഡിക-23)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

മാനസിക രോഗ ഗവേഷണ സ്ഥാപനത്തിലെ 37 ജീവനക്കാരുടെ ശമ്പള ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-05-101-84-01-1 | - ശമ്പളം | - 19 ലക്ഷം രൂപ |
| 2210-05-101-84-01-2 | - ക്ഷാമബത്ത | - 13.9 ലക്ഷം രൂപ |
| 2210-05-101-84-01-3 | - വീട്ടുവാടക അലവൻസ് | - 8000/- രൂപ |
| 2210-05-101-84-01-5 | - മറ്റ് അലവൻസുകൾ | - 25,000/- രൂപ |

(അനുബന്ധിക-24)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

നിലവിലുള്ള വൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 64,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (അനുബന്ധിക-25)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>

<u>ശിപാർശ</u>

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപന്റ് ഇവ നൽകുന്നതിനായി അനുവദിച്ച തുകയും വെള്ളക്കരം ഇനത്തിൽ അനുവദിച്ച തുകയും അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95-05-1 - 10 ലക്ഷം രൂപ
(വെള്ളക്കരം)
2210-05-101-95-12 - 50 ലക്ഷം രൂപ
(സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും)

(ഖണ്ഡിക-26)

സ്വീകരിച്ച നടപടി

2210-05-101-95-01 (വെള്ളക്കരം) ശീർഷകത്തിൽ ധനപുന: വിനിയോഗം മുഖേന 10,00,000 രൂപയും 2210-05-101-95-12 (സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും) ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 1,84,23,000 രൂപയും അനുവദിക്കുകയുണ്ടായി.

ശിപാർശ

2210-02-101-99(24) സാധന സാമഗ്രികൾ എന്ന ശീർഷകത്തിൽ തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലേയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-27)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 10,00,000 രൂപ അനുവദിക്കുകയുണ്ടായി.

ശിപാർശ

2210-02-101-85 (24) സാധന സാമഗ്രികൾ എന്ന ശീർഷകത്തിൽ തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് പഞ്ചകർമ്മ ആശുപത്രിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക-28)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

## ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ

### ശിപാർശ

ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി പുതിയ ബസ് വാങ്ങേണ്ട ആവശ്യത്തിലേക്കായി മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 29)

### സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

### ശിപാർശ

ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തികളായ ലാസ്റ്റ് ഗ്രേഡ് ക്വാർട്ടേഴ്സ്, പ്ലേ ഗ്രൗണ്ട്, മെഡിസിൻ സ്റ്റോർ, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ആർ.എം.ഒ/സൂപ്രണ്ട് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 30)

### സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

### ശിപാർശ

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലെ ജീവനക്കാരുടെ യാത്രാബത്ത, വൈദ്യുതി, മറ്റിനങ്ങൾ, വാടക, കരം, നികുതി, മറ്റ് ചെലവുകൾ, ഇന്ധന ചെലവുകൾ, വിവരസാങ്കേതികവിദ്യ മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2210-05-101-79-01 - | ശമ്പളം | - | 100 ലക്ഷം രൂപ |
| 2210-05-101-79-04(1)- | യാത്രാബത്ത | - | 2 ലക്ഷം രൂപ |
| 2210-05-101-79-05(2) - | വൈദ്യുതി ചെലവ് | - | 2.25 ലക്ഷം രൂപ |
| 2210-05-101-79-06 | വാടക, കരം, നികുതി | - | 86,000/- രൂപ |
| 2210-05-101-79-34 - | മറ്റ് ചെലവുകൾ | - | 2 ലക്ഷം രൂപ |
| 2210-05-101-79-45 - | പി.ഒ.എൽ | - | 40,000/-രൂപ |
| 2210-05-101-79-99 - | വിവരസാങ്കേതികവിദ്യ | | 11,000/- രൂപ |

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

ആശുപത്രിയിലെ ഐ.പി, ഒ.പി, ജെറിയാട്രിക് വിഭാഗങ്ങളിൽ എത്തുന്ന രോഗികൾക്കാവശ്യമായ ആയുർവേദ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, വാടക, കരം, നികുതി, സ്കോളർഷിപ്പ് &സ്റ്റൈപ്പന്റ്, സാധന സാമഗ്രികളും മറ്റ് ചെലവുകൾ മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2210-05-101-96-01 - | ശമ്പളം | - | 56.22 ലക്ഷം രൂപ |
| 2210-05-101-96-04 - | യാത്രാചെലവുകൾ | - | 2 ലക്ഷം രൂപ |
| 2210-05-101-96-05 - | ആഫീസ് ചെലവുകൾ | - | 5 ലക്ഷം രൂപ |
| 2210-05-101-96-06 - | വാടക, കരം, നികുതി | - | 35,000 രൂപ |
| 2210-05-101-96-12 - | സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് | - | 79.2 ലക്ഷം രൂപ |
| 2210-05-101-96-24 - | സാധന സാമഗ്രികൾ | - | 25 ലക്ഷം രൂപ |
| 2210-05-101-96-34 - | മറ്റ് ചെലവുകൾ | - | 5 ലക്ഷം രൂപ |

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

2210-05-101-96-24 സാധന സാമഗ്രികൾ എന്ന ശീർഷകത്തിൽ അധിക ധനാനുമതി മുഖേന 1,01,79,000 രൂപ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2210-05-101-96-28 എന്ന ശീർഷകം അനുവദിച്ച് തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്ക് വേതനം നൽകുന്നതിനായി 4.74 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2210-02-101-98 എന്ന ശീർഷകത്തിൽ തൃപ്പൂണിത്തുറ ആയുർവേദ കോളേജ് ആശുപത്രിയിലെ ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ആഫീസ് ചെലവുകൾ, സംരക്ഷണം, സാധന സാമഗ്രികൾ, മറ്റ് ചെലവുകൾ, ഇന്ധന ചെലവ് മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 357.84 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2210-05-001-98-05-3 എന്ന ശീർഷകത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ടെലഫോൺ ചെലവിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം മുഖേന 20,000 രൂപ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കമ്പ്യൂട്ടർ വൽക്കരണത്തിനും മോഡേണൈസേഷനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തന മേഖല വിപുലപ്പെട്ടതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കപ്പെടാത്തത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രയാസമുണ്ടാക്കുന്നതിനാൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും ഇപ്രകാരം നിയമനം നൽകുന്നവർക്ക് ശമ്പളം നൽകുന്നതിനായി 2210-05-00-96-01 - എന്ന ശീർഷകം അനുവദിച്ച് പദ്ധതിയിനത്തിൽ 45 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 38)

### സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

### ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

### ശിപാർശ

കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ വയോജന പരിപാലന യൂണിറ്റ്, വന്ധ്യതാ നിവാരണ യൂണിറ്റ്, ജീവിതശൈലി രോഗ നിയന്ത്രണ യൂണിറ്റ് എന്നിവയുടെ പ്രവർത്തനത്തിനും ഓഫീസിലെ കമ്പ്യൂട്ടർവൽക്കരണത്തിനും സോളാർ പാനൽ സ്ഥാപിക്കുന്നതിനുമായി 2210-02-102-97-34-3 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

### ആരോഗ്യകുടുംബക്ഷേമ വകുപ്പ് (പി)

അധിക തുക അനുവദിക്കുകയുണ്ടായില്ല.

### ഡ്രഗ്സ് കൺട്രോൾ വകുപ്പ്

### ശിപാർശ

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലെ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും മറ്റ് ഓഫീസ് ചെലവുകൾക്കും ലാബിലെ കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നതിനുമായി നോൺ പ്ലാൻ ഇനത്തിൽ 160 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 42)

### സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

## മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

### ശിപാർശ

ആശുപത്രികൾ ആവശ്യപ്പെടുന്ന അളവിൽ യഥാസമയം ജീവൻ രക്ഷാമരുന്നുകൾ വിതരണം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 31100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-43)

### സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

## നാഷണൽ റൂറൽ ഹെൽത്ത്മിഷൻ (NRHM)

### ശിപാർശ

എൻ.ആർ.എച്ച്.എം പദ്ധതി 2014-15 സാമ്പത്തിക വർഷം സംസ്ഥാനം വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി 900 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കുമ്പോൾ സംസ്ഥാന വിഹിതമായി 225 കോടി രൂപ അനുവദിക്കേണ്ടതായിരുന്നു. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10,000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-44)

### സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

## റീജിയണൽ കാൻസർ സെന്റർ

### ശിപാർശ

റീജിയണൽ കാൻസർ സെന്ററിലെ പുതിയ കെട്ടിടത്തിന്റെ നിലവിലുള്ള കരാർ പ്രകാരമുള്ള വിലവർദ്ധനയനുസരിച്ചുള്ള ടെന്റർ എക്സസും ഫയർ പ്രൊട്ടക്ഷൻ പബ്ലിക് അഡ്രസ് സിസ്റ്റം, സി.സി.റ്റി.വി., മെഡിക്കൽ ഗ്യാസ് എന്നിവയുടെ ചെലവിനത്തിൽ 6 കോടിയോളം രൂപ ആവശ്യമുണ്ട്. കൂടാതെ ജീവനക്കാരുടെ

പെൻഷൻ ഫണ്ടിലേക്ക് സർക്കാർ ഗ്രാന്റായി 12 കോടി രൂപയുടെ ആവശ്യമുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 2210-05-800-89-35 എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 2210-05-800-89-31 എന്ന ശീർഷകത്തിൽ 1200 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-45)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീസ് ന്യൂറോ സയൻസസ് (ഐക്കോൺസ്)

ശിപാർശ

ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റിയിലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 200 ലക്ഷം രൂപയും മസ്തിഷ്ക നാഡീവ്യൂഹ സംബന്ധമായ ജനിതക വൈകല്യങ്ങൾ ഉള്ള കൗമാരപ്രായക്കാരുടെ പുനരധിവാസത്തിനും മറ്റും ഉതകുന്ന റസിഡൻഷ്യൽ ഹോം പദ്ധതി, ഷൊർണ്ണൂരിലെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം, ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി നടത്തുന്ന പദ്ധതികളിന്മേലുള്ള പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കും വൈകല്യങ്ങളുള്ള ആളുകളുടെ ചികിത്സയ്ക്കുമായി പദ്ധതി ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-46)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

## ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

### ശിപാർശ

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിനു വേണ്ടി പുലയനാർകോട്ടയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി വിദഗ്ധരായ മെഡിക്കൽ/പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ആന്റ് ജീറിയാട്രിക് കെയർ എന്ന സ്ഥാപനം സജ്ജമാക്കുന്നതിനും ഗ്രാന്റ് ഇൻ എയ്ഡായി അപേക്ഷിച്ചിരുന്ന തുകയിൽ പദ്ധതിയേതര ഇനത്തിൽ അനുവദിക്കാൻ ബാക്കിയുള്ള 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 47)

### സ്വീകരിച്ച നടപടി

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന് ബഡ്ജറ്റ് വിഹിതത്തിനു പുറമെ പദ്ധതിയേതര വിഭാഗത്തിൽ ഗ്രാന്റായി അനുവദിക്കാൻ ശിപാർശ ചെയ്ത 100 ലക്ഷം രൂപയിൽ 50 ലക്ഷം രൂപയുടെ ശിപാർശയാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് സർക്കാരിൽ സമർപ്പിച്ചത്. ആയതിൽ 2014 ഒക്ടോബർ മാസത്തിൽ 25 ലക്ഷം രൂപയും ബാക്കി 25 ലക്ഷം 2015 മാർച്ച് 31 ന് അനുവദിച്ചു. ബാക്കി 50 ലക്ഷം രൂപയുടെ ശിപാർശ ഈ സാമ്പത്തിക വർഷം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ നിന്ന് ലഭിച്ചിട്ടില്ല.

## കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി

### ശിപാർശ

മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ KHRWS-ന്റെ കീഴിലുള്ള 20 പേ വാർഡുകളുടെ നവീകരണം, ഐ.പി.പി ഓഫ് സെറ്റ് പ്രസിന്റെ നവീകരണം, ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ പേവാർഡുകളുടെ നിർമ്മാണം, ലാബുകളുടെയും വിവിധ യൂണിറ്റുകളുടെയും നിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 48)

## സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ച് കിട്ടിയിട്ടില്ല.

## കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ

### ശിപാർശ

ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ തീരുമാന പ്രകാരം രജിസ്റ്റേഡ് ഫാർമസിസ്റ്റുകൾക്ക് അവരുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനായി തുടർ വിദ്യാഭ്യാസ പരിപാടി നടത്തുന്നതിനും മരുന്നുപയോഗത്തെക്കുറിച്ചും മരുന്നുകളെക്കുറിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന് ഡ്രഗ്സ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും പൊതുജനത്തെ ബോധവൽക്കരിക്കുന്ന രീതിയിൽ ദേശീയ ഫാർമസി വാരാഘോഷ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമായി 37 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 49)

### സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല

## ചൈൽഡ് ഡെവലപ്മെന്റ് സെന്റർ

### ശിപാർശ

ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും പുതിയ ആഡിറ്റോറിയം മെച്ചപ്പെടുത്തുന്നതിനും ക്ലിനിക് സൗകര്യം മെച്ചപ്പെടുത്തുന്നതിനും ട്രെയിനിംഗിനും പുതിയ സ്കീമുകളുടെ നടത്തിപ്പിന്റെ ആവശ്യങ്ങൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും സി.ഡി.സി.യുടെ ദൈനംദിന ചെലവുകൾക്കും സ്റ്റാഫുകൾക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് വൈദ്യുതി,

വെള്ളം, സെക്യൂരിറ്റി സർവ്വീസുകൾ, ക്ലീനിംഗ് മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ തുടങ്ങിയവയ്ക്കും തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾക്കുമായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല

<u>സംസ്ഥാന ഔഷധ സസ്യബോർഡ്</u>

<u>ശിപാർശ</u>

ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ അഭാവം ഉള്ള പ്രദേശങ്ങളിൽ അവയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും കർഷകർക്ക് ലാഭകരമാകുന്ന രീതിയിൽ ഇടവിളയായും മറ്റും ഔഷധസസ്യകൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിനും വിവിധതരം ജനപ്രീയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ആരോഗ്യ സർവ്വകലാശാല</u>

<u>ശിപാർശ</u>

സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രാരംഭ ചെലവുകൾക്കും സർവ്വകലാശാല ആസ്ഥാനമന്ദിരത്തിന്റെ പണി പൂർത്തിയാക്കുന്നതിനും ലൈബ്രറി ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ ആരംഭിക്കുന്നതിനും ആരോഗ്യ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് ആവശ്യമായ പദ്ധതി രൂപീകരണത്തിന് സ്കൂൾ ഓഫ് എപ്പിഡമോളജി ആന്റ് പബ്ലിക് ഹെൽത്ത് സ്ഥാപിക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള തുക

അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 52)

സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പ്

അധിക തുക അനുവദിച്ചിട്ടില്ല

മലബാർ കാൻസർ സെന്റർ

ശിപാർശ

മലബാർ കാൻസർ സെന്ററിലെ ഇൻപേഷ്യന്റ് ബ്ലോക്കിന്റെയും നഴ്സിംഗ് കോളേജ് ബ്ലോക്കിന്റെയും ലബോറട്ടറി ബ്ലോക്കിന്റെയും രണ്ടാംഘട്ട നിർമ്മാണത്തിനും ന്യൂക്ലിയർ മെഡിസിൻ മൂന്നാംഘട്ട നിർമ്മാണത്തിനും ജീറിയാട്രിക് ഓങ്കോളജി സേവനത്തിനും ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിനും ആവശ്യമായിട്ടുള്ള ഉപകരണങ്ങളും എച്ച്.ടി 1000 കെ.വി.എ ഡീസൽ ജനറേറ്റർ, പുതിയ ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവയും വാങ്ങുന്നതിനും മറ്റ് പദ്ധതിയേതര ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ പദ്ധതിയിനത്തിൽ 645 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 519.35 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല

ഫുഡ് സേഫ്റ്റി വകുപ്പ്

ശിപാർശ

ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കായി താഴെപ്പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്ക് 675 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് നിലവിൽ രണ്ട് മുറികൾ മാത്രമുള്ള ഒരു പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. സർക്കാർ കമ്മീഷണറേറ്റിൽ പുതിയതായി അനുവദിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ആഫീസ് അനുവദിക്കുന്നതിന് ഈ പഴയ കെട്ടിടത്തിൽ സ്ഥലമില്ല. ആയതിനാൽ സർക്കാർ കമ്മീഷണറേറ്റിനായി അനുവദിച്ച 70 സെന്റ് സ്ഥലത്തിൽ കെട്ടിടം പണിയുന്നതിന് 4210-04-200-93-01 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന ഫുഡ് ഇൻസ്പെക്ടർമാരുടെ ഭരണപരമായ നിയന്ത്രണം ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകയിട്ടുണ്ടെങ്കിലും ഇവർക്കാവശ്യമായ ഓഫീസുകളും സ്റ്റാഫുകളും നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ പുതിയ കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി 2210-06-102-99-06 എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ NABL (National Accreditation Board of Testing and Calibration Laboratories) നിലവാരത്തിലേക്ക് ഉയർത്തേണ്ടതായിട്ടുണ്ട്. നിലവിൽ റീജിയണൽ തലത്തിലുള്ള 3 ലബോറട്ടറികൾ NABL

നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് വേണ്ടി 2210-06-107-98 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനവും അതുപോലെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണവും നൽകുന്നതിലേക്കായി 2210-06-102-99 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ജില്ലാ തലങ്ങളിൽ പുതിയതായി സൃഷ്ടിച്ചിട്ടുള്ള 89 ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ആവശ്യമായ ആഫീസും മറ്റ് സൗകര്യങ്ങളും നൽകുന്നതിന് 2210-06-102-99-06 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 200.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

<u>റേഡിയേഷൻ സേഫ്റ്റി വകുപ്പ്</u>

<u>ശിപാർശ</u>

റേഡിയേഷൻ സേഫ്റ്റി വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാലും ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്കായി ക്വാളിറ്റി അഷ്വറൻസ് ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപനങ്ങളിലെ ഉപകരണ

പരിശോധനയുമായി ബന്ധപ്പെട്ട ഇന്ധന ചെലവിനും മറ്റ് ആവശ്യങ്ങൾക്കുമായി പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 78.93 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

സംസ്ഥാനത്ത് റേഡിയേഷൻ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയതും വിപുലമായ അധികാരങ്ങളോടുകൂടിയതുമായ ഒരു സ്വതന്ത്ര റെഗുലേറ്ററി ബോഡിയാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ്. മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഒരു യൂണിറ്റായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാരെല്ലാവരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരായവരാണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിന് ഇതിനെ ഒരു സ്വതന്ത്ര വകുപ്പാക്കേണ്ടതും സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ആയതിനാൽ റവന്യൂ വരുമാനം സൃഷ്ടിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ റേഡിയേഷൻ സേഫ്റ്റി വകുപ്പിനെ ഒരു പ്രത്യേക വകുപ്പാക്കി മാറ്റി പ്രത്യേക ബഡ്ജറ്റ് ഹെഡ്ഡും എക്സ്പെൻഡിച്ചർ ഹെഡ്ഡും അനുവദിക്കണമെന്നും ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സ്വീകരിച്ച നടപടി</u>

പ്രത്യേക ബഡ്ജറ്റ് ഹെഡ്ഡ് അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളിലേയും പോസ്റ്റ്പാർട്ടം കേന്ദ്രങ്ങളിലെയും (ബ്ലോക്ക് പി.എച്ച്.സി) ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക കുടിശ്ശിക നൽകുന്നതിന് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 62)

സ്വീകരിച്ച നടപടി

ധനകാര്യവകുപ്പിന്റെ 30.03.2015-ലെ സ.ഉ.(സാധാ) നം. 3007/2015/ധന. പ്രകാരം 13,10,000/-രൂപ റീഅപ്രോപ്രിയേഷൻ ചെയ്ത് നൽകിയിട്ടുണ്ട്.

ശിപാർശ

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികകളിലെ 286 ഹെൽത്ത് ഇൻസ്പെക്ടർമാരെ സാധാരണ ജോലിക്ക് പുറമെ ശബരിമല ഉൾപ്പെടെയുള്ള പ്രധാന ആരാധനാലയങ്ങളിലെ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന മെഡിക്കൽ ടീമുകൾക്കൊപ്പം സാനിട്ടേഷൻ സർവ്വീസിന്റെ ഭാഗമായി നിയമിക്കാറുണ്ട്. ആയതിനാൽ ഇവരുടെ യാത്രാബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2215-02-105-99-04-1 എന്ന ശീർഷകത്തിൽ 50,000 രൂപയും 2215-02-105-99-01-4 എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധികതുക അനുവദിക്കുക യുണ്ടായില്ല. റീഅപ്രോപ്രിയേഷൻ മുഖേന 2215-02-105-99-01-4 ൽ 3,24,000 (മൂന്നലക്ഷത്തി ഇരുപത്തിനാലായിരം) രൂപയും 2215-02-105-99-04-1 ൽ 75 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യം പ്രയുക്ത പോഷകാഹാര പരിപാടികൾ

ശിപാർശ

പ്രത്യേക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വൈദ്യുതി, ടെലഫോൺ ചെലവിനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായിതിനാൽ 2236-02-101-99-05-2 എന്ന ശീർഷകത്തിൽ 50,000 രൂപയും 2236-02-101-99-05-3 എന്ന ശീർഷകത്തിൽ 20,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സ്വീകരിച്ച നടപടി</u>

2236 എന്ന പ്രധാന ശീർഷകത്തിന്റെ കീഴിൽ 2236-02-101-99 (പദ്ധതിയേതരം) എന്ന ഒരു ശീർഷകം മാത്രമാണ് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളത്. ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 75,000 രൂപയും ടെലഫോൺ ചാർജ്ജ് ഇനത്തിൽ 5,000 രൂപയും 2236-02-101-99 എന്ന പദ്ധതിയേതര ശീർഷകത്തിൽ അധികമായി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിക്കണമെന്നുള്ള ധനകാര്യവകുപ്പിന്റെ നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. പ്രസ്തുത ശീർഷകത്തിൽ മറ്റ് യൂണിറ്റുകളുടെ കീഴിൽ ആവശ്യമായ നീക്കിയിരുപ്പ് 2014-15 ൽ ലഭ്യമല്ലാതിരുന്നതിനാൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസൽ ലഭിച്ചില്ല. അതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്</u>
<u>റിപ്പോർട്ട് (2015-16)</u>

<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>

<u>ശിപാർശ</u>

മെഡിക്കൽ ഹൗസ് സർജന്മാരുടെയും മെഡിക്കൽ ജൂനിയർ, സീനിയർ റസിഡന്റുമാരുടെയും മാസ സ്റ്റൈപന്റ് നിരക്കിൽ വന്ന വർദ്ധനവിനെ തുടർന്നുള്ള അധിക ബാധ്യത വഹിക്കുന്നതിനും സ്കോളർഷിപ്പ് സ്റ്റൈപന്റ് ഇനത്തിൽ വിതരണം ചെയ്യുന്നതിനും വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിഗണിച്ച സമിതി ആകെ 2663.46 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ ഹൗസ് സർജന്മാരുടെയും മെഡിക്കൽ ജൂനിയർ, സീനിയർ റസിഡന്റുമാരുടെയും സ്കോളർഷിപ്പ്/ സ്റ്റൈപ്പന്റ് നിരക്കിലുള്ള വർദ്ധനവിനെ തുടർന്ന് വേണ്ടിവരുന്ന അധികഫണ്ട് നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീർന്നതിനു ശേഷമേ അനുവദിക്കുകയുള്ളൂ. അതിനാൽ 2015-16 വർഷത്തെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം ചെലവായതിനു ശേഷം അധികതുക അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

എറണാകുളത്തെ മെഡിക്കൽ കോളേജും നഴ്സിംഗ് കോളേജും സർക്കാർ ഏറ്റെടുത്തുവെങ്കിലും പ്രസ്തുത കോളേജുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2210-05-105-47 എന്ന ശീർഷകത്തിൽ 1991.21 ലക്ഷം രൂപ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി പദ്ധതിയേതര ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

ഗവൺമെന്റ് മെഡിക്കൽ കോളേജ് എറണാകുളത്തിനു വേണ്ടി 500 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഗവൺമെന്റ് നഴ്സിംഗ് കോളേജ് എറണാകുളത്തിന് 2210-05-105-54 ആയി പുതിയ ശീർഷകം അനുവദിക്കുകയും 15.21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഡ്രഗ്സ് കൺട്രോൾ വകുപ്പ്</u>

<u>ശിപാർശ</u>

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ 5 വാഹനങ്ങളും കണ്ടം ചെയ്യാറായ വാഹനങ്ങൾക്ക് പകരം പുതിയ 3 വാഹനങ്ങളും ഉൾപ്പെടെ ആകെ 8 വാഹനങ്ങൾ വാങ്ങുന്നതിനായി പദ്ധതിയേതര ഇനത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 49)

സ്വീകരിച്ച നടപടി

അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

## ഭാഗം - III

## ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

### ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

### ഭാരതീയ ചികിത്സാ വകുപ്പ്

ശിപാർശ

ആയുർവേദ ഡി.എം.ഒ.യ്ക്ക് ഒരു ഡ്രൈവറുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 68)

സ്വീകരിച്ച നടപടി

നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവ് ജി.ഒ.(പി)400/2014/ധന തീയതി 19.9.2014 പ്രകാരം ഡ്രൈവർ തസ്തിക സൃഷ്ടിക്കുവാൻ നിർവ്വാഹമില്ല.

### ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

ശിപാർശ

100 കിടക്കകളിൽ കൂടുതൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള എല്ലാ ജില്ലാ ആശുപത്രികളെയും സ്പെഷ്യാലിറ്റി കേഡർ ആശുപത്രികളാക്കി അപ്ഗ്രേഡ് ചെയ്യണം. ഓരോ ബ്ലോക്കിലും ഒരു ആശുപത്രി കേന്ദ്രസഹായത്തോടെ നടപ്പിലാക്കണം.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ 15-10-2009-ലെ സ.ഉ(എം.എസ്) നം. 357/09 പ്രകാരം 100 കിടക്കകളിൽ കൂടുതൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ

മദ്യം, മയക്കുമരുന്ന്, കറുപ്പ് തുടങ്ങിയവയുടെ ഉപയോഗം തടയുന്നതിനായി വയനാട്, പാലക്കാട്, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലെ നാല് ആശുപത്രികളിലായി ഡീ-അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് പരിമിതമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കുകയുണ്ടായില്ല.

ഭാഗം - IV

" പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം" സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള മറുപടികളും

ശിപാർശകൾ

സംസ്ഥാനത്തെ കഴിയുന്നത്ര ആയുർവേദ ഡിസ്പെൻസറികളിലും സ്നേഹധാരാ പദ്ധതി പ്രകാരമുള്ള സാന്ത്വന പരിചരണ ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാ ആയുർവേദ ആശുപത്രി (അനക്സ്) പാറേമാവ് കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹധാരാ. 2013-14 സാമ്പത്തികവർഷം ആരംഭിച്ച പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വാർഷിക വിഹിതത്തിൽ നിന്ന് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിക്കുകയും എൻ.എച്ച്.എം. ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അശരണരും നിരാലംബരുമായ കിടപ്പ് രോഗികൾക്ക് അവരുടെ വീടുകളിൽ ചെന്ന് സാന്ത്വനവും പരിചരണവും ഔഷധങ്ങളും നൽകിവരുന്ന പദ്ധതിയാണ് സ്നേഹധാരാ. 2015-16 സാമ്പത്തികവർഷം സ്നേഹധാര പദ്ധതി

## ഭാഗം-V

## സമിതിയുടെ വിവിധയോഗങ്ങളിലെ നിർദ്ദേശങ്ങളിന്മേൽ ലഭ്യമാക്കിയിട്ടുള്ള നടപടിസ്റ്റേറ്റ്മെന്റുകൾ

### (1) 24-04-2013 ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേലുള്ള തുടർനടപടി

#### ശിപാർശ

കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ പീഡിപ്പിക്കപ്പെട്ട ബംഗാളി പെൺകുട്ടിയുടെ ചികിത്സ സംബന്ധിച്ച് വിശദമായി അന്വേഷിച്ച വിശദാംശം ലഭ്യമാക്കുക.

(ഖണ്ഡിക 6)

#### സ്വീകരിച്ച നടപടി

27-12-2011-ന് ചികിത്സക്കായി കണ്ണൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും 05-01-2012 ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ ചികിത്സയ്ക്കുശേഷം തിരുവനന്തപുരത്തെ മഹിളശിക്ഷൺ കേന്ദ്രം എന്ന സ്ഥാപനത്തിൽ കൊണ്ടുപോയി താമസിപ്പിക്കുകയും ചെയ്തു. ടി കേസിന്റെ വിചാരണ 02-04-2013 മുതൽ 27-04-2013 വരെ തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിൽ ആരംഭിച്ചതിനാൽ പെൺകുട്ടിയെ തലശ്ശേരിയിൽ കൊണ്ടുവരുകയും 27-11-13 ന് മഹിളാമന്ദിരത്തിലേയ്ക്ക് തിരികെ കൊണ്ടുപോവുകയും ചെയ്തിട്ടുണ്ട്.

### (2) 29-04-2013 ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേലുള്ള തുടർ നടപടി

#### ശിപാർശ

കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന്റെ വെയർഹൗസ് വാടകയിനത്തിലുള്ള ചെലവ് ഒഴിവാക്കുന്നതിന് സ്വന്തമായി വെയർഹൗസുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

സംസ്ഥാനത്തൊട്ടാകെയായി 28 മരുന്നു സംഭരണശാലകൾ നിലവിലുള്ളതിൽ 15 എണ്ണം സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്നവയും ബാക്കിയുള്ള 13 എണ്ണം വാടകക്കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഇതിൽ ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ, കൊല്ലം, കോഴിക്കോട് ജില്ലകളിൽ പുതിയ മരുന്നു സംഭരണശാലകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ശിപാർശ

വിതരണം ചെയ്ത മരുന്നുകളുടെ ഗുണനിലവാരത്തിൽ വീഴ്ച വരുത്തിയ നാലു മരുന്നു കമ്പനികളെ ഡ്രഗ്സ് കൺട്രോൾ വിഭാഗം കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച വിശദാംശങ്ങൾ, ഡ്രഗ്സ് കൺട്രോൾ വിഭാഗം നടത്തിയ റെയ്ഡിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുക. (ഖണ്ഡിക 2)

സ്വീകരിച്ച നടപടി

വിതരണം ചെയ്ത മരുന്നുകളുടെ ഗുണനിലവാരത്തിൽ വീഴ്ച വരുത്തിയ നാലു മരുന്നു കമ്പനികളെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച വിശദാംശങ്ങളും ഡ്രഗ്സ് കൺട്രോൾ വിഭാഗം നടത്തിയ റെയ്ഡിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.(അനുബന്ധം II)

ശിപാർശ

സ്കൂൾ കുട്ടികളിൽ പോലും ഡയബറ്റിസ് കണ്ടുവരുന്ന സാഹചര്യത്തിൽ മുപ്പത് വയസ്സിന് മുകളിലുള്ളവർക്കിടയിൽ നടത്തിവരുന്ന ബോധവത്ക്കരണ പരിപാടികൾ സ്കൂൾ കുട്ടികളിലേയ്ക്കും കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

സ്കൂൾ കുട്ടികളിൽ ഡയബറ്റീസ് കണ്ടുവരുന്ന സാഹചര്യത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് SHAPE (School Health Awareness Programme & Evaluation) എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പ്രമേഹ ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

<u>ശിപാർശ</u>

ഇടുക്കി പോലുള്ള ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ സൈക്യാട്രിക്, അനസ്തേഷ്യ വിഭാഗങ്ങളിൽ വേണ്ടത്ര ഡോക്ടർമാരില്ലാത്തതു മൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ഉന്നതതലയോഗം ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുക.

ഇടുക്കി ജില്ലയിലെ സർക്കാർ ആശുപത്രികളിൽ അനസ്തേഷ്യ വിഭാഗങ്ങളിലെ ഡോക്ടർമാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുക.

(ഖണ്ഡിക 4 &5)

<u>സ്വീകരിച്ച നടപടി</u>

ആരോഗ്യവകുപ്പിലെ സ്പെഷ്യലിറ്റി വിഭാഗത്തിൽ സൈക്യാട്രി, അനസ്തേഷ്യ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ ലഭ്യത കുറവാണ്. ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പല ഡോക്ടർമാരും വിമുഖത കാണിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് വകുപ്പിലെ ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികൾ നിലവിലില്ലാത്ത സാഹചര്യത്തിൽ പി.എസ്.സി.യിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഭാഗം-VI

### സമിതി പരിഗണിച്ച ചട്ടങ്ങളെ സംബന്ധിച്ച വിശദാംശം

I. കരട് ചട്ടങ്ങളുടെ പരിഗണന :

13-7-2015-ലെ സമിതിയോഗം ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ (കേരള) സർവ്വീസസ് അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2014 ഭേദഗതികളോടെ അംഗീകരിച്ചു.

(ഫ.നമ്പർ 2981/സബ്സി എഫ്2/2015/നി.സെ)

II. സമിതി സാധൂകരിച്ച ചട്ടങ്ങൾ :

സമിതിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടങ്ങൾ സമിതി സാധൂകരിച്ചു.

(1) 16-9-2015-ലെ സമിതിയോഗം കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് 2014 (എസ്.ആർ.ഒ 776/2014) സാധൂകരിച്ചു.

(ഫ. നമ്പർ 5727/സബ്സി എഫ്2/2013/നി.സെ)

(2) 09-3-2016-ലെ സമിതിയോഗം കേരള പബ്ലിക് ഹെൽത്ത് നഴ്സിംഗ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് 2014 (എസ്.ആർ.ഒ 794/14) സാധൂകരിച്ചു.

(ഫ. നമ്പർ 5849/സബ്സി എഫ്2/2015/നി.സെ)

## ഭാഗം - VII

ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശം

" ആയുർവേദ ചികിത്സാരംഗം നേരിടുന്ന പ്രശ്നങ്ങൾ" എന്ന വിഷയം സംബന്ധിച്ച് 16-9-2015-ലെ യോഗത്തിൽ ചർച്ച ചെയ്തു.

## ഭാഗം - VIII

സഭയുടെ മേശപ്പുറത്തുവച്ച കാലതാമസ പത്രികയും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങൾ

**1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം കാലതാമസപത്രിക സഭയുടെ മേശപ്പുറത്തു വച്ചത് സംബന്ധിച്ച വിവരങ്ങൾ**

| റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11) | 68 | 1-7-2015 |
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12) | 7 | 1-7-2015 |
| | 1 | 2-12-2015 |

**2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം വാർഷികപ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വച്ചത് സംബന്ധിച്ച വിവരങ്ങൾ**

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2014-15 | XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2-12-2015 |
| | XIX-കുടുംബക്ഷേമം | |

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII .*

തിരുവനന്തപുരം,
2016 സെപ്റ്റംബർ 20.

അനുബന്ധം I

# യോഗനടപടിക്കുറിപ്പുകൾ

## 22-4-2015-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി 2015 ഏപ്രിൽ മാസം 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ കോംപ്ലക്സിലെ '4 എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി.എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എ.റ്റി. ജോർജ്, എം. എൽ. എ.
2. ശ്രീ. റോഷി അഗസ്റ്റിൻ, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമവും വകുപ്പ്
2. ഡോ. എം. ബീന, സെക്രട്ടറി ആയുഷ് വകുപ്പ്
3. ശ്രീ. മിൻഹാജ് ആലം, മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
4. ശ്രീ. വി.കെ. ബാലചന്ദ്ര കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. കെ. സുദർശൻ, അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
6. ഡോ. വി. ഗീത, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ
7. ഡോ. ബി. സതീശൻ, ഡയറക്ടർ, മലബാർ കാൻസർ സെന്റർ

8. ഡോ. റ്റി. ശിവദാസ്, ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

9. ഡോ. അനിതാ ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

10. ഡോ. മീന ഹരിഹരൻ, ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

11. ശ്രീമതി റ്റി.വി. അനുപമ കമ്മീഷണർ, ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ്

12. ശ്രീമതി കെ.ജി. അരുണ കുമാരി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ശ്രീമതി പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ഡോ. പി.വി. സന്തോഷ്, മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ

15. ഡോ. ആർ.സി. സരിത, അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്

16. ഡോ. എസ്. ശ്രീലത, അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് (പ്ലാനിംഗ്)

17. ശ്രീമതി എസ്. നിഷ, ഡെപ്യൂട്ടി സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്

18. ഡോ. കെ. രാമദാസ്, മെഡിക്കൽ സൂപ്രണ്ട്, റീജിയണൽ കാൻസർ സെന്റർ

19. ഡോ. പി.കെ. സുധീർ, രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്

20. ശ്രീ. പി.പി. ചന്ദ്രൻ, പ്ലാനിംഗ് ഓഫീസർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

21. ശ്രീ. പി.കെ. ഹരികൃഷ്ണൻ, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് മാനേജർ, നാഷണൽ ഹെൽത്ത് മിഷൻ

22. ശ്രീ. ജി. ജോസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോസയൻസസ് (ഐക്കോൺസ്)

23. ശ്രീ. കെ.ജെ.ശ്രീകുമാർ, ചീഫ് എഞ്ചിനീയർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ

24. ശ്രീ. സഞ്ജീവ്, കൺട്രോളർ (ഫിനാൻസ്), റീജിയണൽ കാൻസർ സെന്റർ

25. ശ്രീ. പി. ഹരിപ്രസാദ്, കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്

26. ഡോ. കെ. രമാദേവി, ടെക്നിക്കൽ അസിസ്റ്റന്റ്, ഹോമിയോപ്പതി ഡയറക്ടറേറ്റ്

27. ശ്രീ. ജി. ഗോപകുമാർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഫുഡ് സേഫ്റ്റി

കമ്മീഷണറേറ്റ്

28. ശ്രീമതി ബി. നീന, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

29. ശ്രീ. ആർ. വിജയൻ, ഫിനാൻസ് ഓഫീസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബിറ്റീസ്

30. ശ്രീമതി. പി. ഷീല, സൂപ്രണ്ടിംഗ് ഓഫീസർ, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്

31 ശ്രീ. റ്റി. പ്രദീപ് കുമാർ, ഡെപ്യൂട്ടി സൂപ്രണ്ടിംഗ് ഓഫീസർ, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്

32. ശ്രീ. വി.വി. രാമചന്ദ്രൻ, ഹെഡ് (സോഷ്യൽ ഡെവലപ്മെന്റ്), നാഷണൽ റൂറൽ ഹെൽത്ത് മിഷൻ

33. ശ്രീ. സി.ജി. ശശികുമാർ, അക്കൗണ്ട്സ് ഓഫീസർ (കുടുംബക്ഷേമം), ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ്

34. ശ്രീ. ജി. ആർ. ഗോപീകൃഷ്ണൻ, അക്കൗണ്ട്സ് ഓഫീസർ, ഐക്കോൺസ്.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി, 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ആരോഗ്യകുടുംബ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട XVIII, XIX എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 16.4.2015 -ൽ ചേരാൻ തീരുമാനിച്ചിരുന്ന യോഗം മതിയായ ക്വാറം ഇല്ലാതിരുന്നതിനാൽ ചേരുകയുണ്ടായില്ല. പ്രസ്തുത യോഗത്തിൽ പരിഗണി- ക്കേണ്ടിയിരുന്ന XVIII, XIX എന്നി ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയാണ് യോഗത്തിൽ നടത്തുന്നതെന്ന് ആമുഖമായി സമിതി ചെയർമാൻ സമിതിയെ അറിയിച്ചു.

ആയതിൻ പ്രകാരം പ്രസ്തുത ധനാഭ്യർത്ഥനകളിന്മേൽ സമിതി സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായവും പൊതുജനാരോഗ്യവും

ഒരു പ്രധാനപ്പെട്ട വകുപ്പ് എന്ന നിലയിൽ ഡയറക്ടർ ഓഫ് ഹെൽത്ത്

സർവ്വീസസിന് മുൻവർഷം ലഭിച്ചിരുന്ന തുകയിൽ നിന്നും 7.56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും അപ്രകാരം 715.37 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആകെ 144 സ്കീമുകളിൽ 7 എണ്ണം പുതിയ സ്കീമുകളും 137 എണ്ണം പഴയ സ്കീമുകളുമാണെന്നും ഈ വർഷം 304.91 കോടി രൂപ പ്രൊവിഷൻ ഉള്ളതിൽ സ്റ്റേറ്റ് പ്ലാനിൽ 304 കോടി രൂപ ലഭിച്ചുവെങ്കിലും വിവിധ സ്കീമുകളിലായി 117.7 കോടി രൂപ അധികമായി ആവശ്യപ്പെടുകയാണെന്നും ഈ തുക ലഭിച്ചാൽ പ്രസ്തുത വകുപ്പിൽ ഉദ്ദേശിക്കുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കാൻ സാധിക്കുമെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

## ആരോഗ്യ വകുപ്പ്

2210-01-110-47- ദേശീയ ഡിപ്ലോമാറ്റ് ബോർഡ്

ജില്ലാ ആശുപത്രികളിൽ ഡിഎൻ.പി. കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിനും അക്രഡിറ്റേഷൻ, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കും അധിക തുക ആവശ്യമായി വരുമെന്ന് കാണുന്നതിനാൽ അതുകൂടി നൽകുന്നതിന് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആകയാൽ, ഇതിനായി പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-101-30-30- പേവിഷബാധയ്ക്കെതിരെയുള്ള കാമ്പയിൻ

അനിമൽ വെൽഫയർ ബോർഡിന്റെയും സർക്കാർ ഇതര സംഘടനകളുടെയും സഹായത്തോടെ പേവിഷബാധയ്ക്കെതിരായി പ്രചരണ പരിപാടി ആരംഭിക്കുന്നതിനും പേവിഷ വാക്സിനുകൾ വാങ്ങുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക ഭരണാനുമതി ലഭിക്കാത്തതിനാൽ

ചെലവഴിക്കാൻ സാധിച്ചില്ല എന്ന കാര്യം സമിതി മനസ്സിലാക്കി. കൂടാതെ, തെരുവുനായ്ക്കളുടെ നിയന്ത്രണം, പേവിഷത്തിനെതിരായ ഇമ്മ്യൂണോഗ്ലോബുലിൻ, വാക്സിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു. ഇതിനായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-101-49- സാംക്രമിക രോഗങ്ങളും മേൽനോട്ടവും നിയന്ത്രണവും

പകർച്ച വ്യാധികൾ വരുന്ന അവസരങ്ങളിൽ ആവശ്യമായ മരുന്നുകൾ നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ഇൻസെക്റ്റിസൈഡ്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവ വാങ്ങുന്നതിനുമുള്ള ചെലവിനുമായി 2014-15 സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ, ഈ സാമ്പത്തിക വർഷം തുകയൊന്നും അനുവദിക്കുകയുണ്ടായില്ല എന്ന് സമിതിയിൽ വ്യക്തമാക്കപ്പെട്ടു. പകർച്ച വ്യാധികൾ പടർന്നു പിടിക്കുമ്പോൾ പ്രത്യേകമായി നിയമിക്കുന്ന ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിന് വേണ്ടിയാണ് തുക ആവശ്യപ്പെടുന്നതെന്നും അഡീഷണൽ ഓതറൈസേഷനായി തുക അനുവദിക്കാറുണ്ടെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിന്റെ മേൽനോട്ടത്തിനായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് വേതനം നൽകുന്നതിനും 2014-15 കാലയളവിൽ ഈ ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി ലഭിച്ച 10 കോടി രൂപ റഗുലറൈസ് ചെയ്യുന്നതിനും പകർച്ചവ്യാധികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട നടപ്പുവർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കായും ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-110-41- കേരള ടെലിഹെൽത്ത് മെഡിക്കൽ
വിദ്യാഭ്യാസ പ്രോജക്ട്

ആരോഗ്യവകുപ്പിനു കീഴിലുള്ള ടെലിഹെൽത്ത് മെഡിക്കൽ യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കേണ്ടത് ഏറ്റവും അനിവാര്യമായ ഒരു കാര്യമായി

സമിതി മനസ്സിലാക്കി. അതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ഇതിനായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

മെഡിക്കൽ ഹൗസ് സർജൻമാരുടെയും മെഡിക്കൽ ജൂനിയർ, സീനിയർ റസിഡന്റുമാരുടേയും മാസ സ്റ്റൈപ്പന്റ് നിരക്കിൽ വന്ന വർദ്ധനവിനെ തുടർന്നുള്ള അധിക ബാദ്ധ്യത വഹിക്കുന്നതിനും സ്കോളർഷിപ്പ്, സ്റ്റൈപന്റ് ഇനത്തിൽ വിതരണം ചെയ്യുന്നതിനും വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിഗണിച്ച സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്കായി ആകെ 2663.46 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-05-105-98-12 – മെഡിക്കൽ കോളേജ്, തിരുവനന്തപുരം -547 ലക്ഷം
2210-05-105-97-12 – മെഡിക്കൽ കോളേജ്, കോഴിക്കോട് -548 ലക്ഷം
2210-05-105-96-12 – മെഡിക്കൽ കോളേജ്, കോട്ടയം - 482 ലക്ഷം
2210-05-105-95-12 – മെഡിക്കൽ കോളേജ്, ആലപ്പുഴ -130 ലക്ഷം
2210-05-105-94-12 – മെഡിക്കൽ കോളേജ്, തൃശ്ശൂർ -700 ലക്ഷം
2210-05-105-93-12 – ഡെന്റൽ കോളേജ്, കോഴിക്കോട് -47.72 ലക്ഷം
2210-05-105-92-12 – ഡെന്റൽ കോളേജ്, തിരുവനന്തപുരം -24.56 ലക്ഷം
2210-05-105-34-12 – ഡെന്റൽ കോളേജ്, കോട്ടയം -17 ലക്ഷം
2210-05-105-42-12 – നഴ്സിംഗ് കോളേജ്, തിരുവനന്തപുരം -120 ലക്ഷം
2210-05-105-41-12 – നഴ്സിംഗ് കോളേജ്, കോട്ടയം -5.68 ലക്ഷം
2210-05-105-33-12 – നഴ്സിംഗ് കോളേജ്, തൃശ്ശൂർ -41.50 ലക്ഷം

എറണാകുളത്തെ മെഡിക്കൽ കോളേജും നഴ്സിംഗ് കോളേജും സർക്കാർ ഏറ്റെടുത്തുവെങ്കിലും പ്രസ്തുത കോളേജുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കി.

ആയതിനാൽ 2210-05-105-47 എന്ന ശീർഷകത്തിൽ 1991.21 ലക്ഷം രൂപ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി പദ്ധതിയേതര ഇനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-001-96 – ആയുർവേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - കമ്പ്യൂട്ടർവൽക്കരണവും നവീകരണവും.

അണ്ടർ ഗ്രാഡ്വേറ്റ്സിന്റെ സ്റ്റൈപന്റ് പന്ത്രണ്ടായിരം എന്നത് പതിനയ്യായിരമായും പി.ജി സ്റ്റുഡൻസിന്റേത് പതിനേഴായിരം എന്നത് ഇരുപത്തയ്യായിരമായും വർദ്ധിപ്പിച്ചതിനാലും മെഡിസിൻ ടീച്ചേഴ്സിന് ശമ്പളം നൽകുന്നതിനായും തുകയിൽ വർദ്ധനവ് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ആവശ്യമായ ആഡിറ്റിംഗ് വിംഗ് രൂപീകരിക്കുന്നതിനും പി.ജി കോഴ്സുകൾ, പാരാമെഡിക്കൽ കോഴ്സുകൾ, എന്നിവ നടത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിരുന്നുവെങ്കിലും ഇതിനായി തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

2210-05-001-98-05-3 – ടെലഫോൺ ചെലവ്

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ സർക്കാർ, സ്വാശ്രയ കോളേജുകളും പ്രൈവറ്റ് കോളേജുകളും നിലവിലുണ്ട്. ഈ സ്ഥാപനങ്ങളിലേക്ക് നിരന്തരം വിവിധ കാര്യങ്ങൾക്കായി ടെലഫോൺ മുഖേന ബന്ധപ്പെടേണ്ടതായുള്ളതിനാൽ ടെലഫോൺ ചെലവ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യമായതിനാൽ പദ്ധതിയേതര ഇനത്തിൽ 79,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

**ആയുർവേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.**

2210-05-001-98 - ആയുർവേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകപ്പിന് അനുവദിച്ചിട്ടുള്ള 2210-05-001-98 എന്ന നോൺ പ്ലാൻ ശീർഷകത്തിൽ 06-ആർ.ആർ.ടി എന്ന ശീർഷകം അനുവദിച്ചിട്ടില്ല എന്നും ഈ ശീർഷകത്തിൽ നിന്നും വഹിക്കേണ്ട പ്രോപ്പർട്ടി ടാക്സ് തുടങ്ങിയ ആവശ്യങ്ങൾ 24-മെറ്റീരിയൽ ആന്റ് സപ്ലൈസ് എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുകയാണ് ചെയ്തു വരുന്നത് എന്നും സമിതി മനസ്സിലാക്കി. കൂടാതെ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 4-ാം നില കെട്ടിടത്തിന് കോർപ്പറേഷനിൽ നിന്ന് അനുമതി ലഭിക്കുകയും വാടക നിശ്ചയിക്കുകയും ചെയ്തിട്ടുള്ള സാഹചര്യം കൂടി നിലനിൽക്കുന്നതിനാൽ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ എല്ലാം നേരിടുന്നതിനായി 2210-05-001-98-06 ആർ.ആർ.ടി എന്ന ഉപശീർഷകം അനുവദിച്ച് ആയതിൽ 50,000/- രൂപ നടപ്പുവർഷത്തേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## സർക്കാർ ആയുർവേദ കോളേജ്, തിരുവനന്തപുരം

2210-05-101-95 ആയുർവേദ മെഡിക്കൽ കോളേജ്,തിരുവനന്തപുരം.

05-1 വെള്ളക്കരം

ആയുർവേദ കോളേജിലും സബ് ഓഫീസുകളിലും, കോളേജിന്റെ കീഴിലുള്ള മൂന്ന് ആശുപത്രികളിലും വെള്ളം വളരെ കൂടുതലായി ഉപയോഗിക്കേണ്ടി വരുന്നതിനാൽ വെള്ളക്കരമിനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആകയാൽ, ഈ ഹെഡിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-95-12 - സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും

ആയുർവേദ ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപന്റ് 15000 രൂപയായി വർദ്ധിപ്പിച്ചതിനാലും, പി. ജി വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപന്റ് 25000 രൂപയായി വർദ്ധിപ്പിച്ചതിനാലും ഈ സാമ്പത്തിക വർഷം അനുവദിച്ച

തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആകയാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99 – കോളേജ് ആശുപത്രികളും പ്രസവ വാർഡുകളും
24-സാധനസാമഗ്രികൾ

തിരുവനന്തപുരം ആയുർവേദ ആശുപത്രിയിലേക്കും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലേക്കും വാങ്ങുന്ന അവശ്യ സാധനങ്ങളുടെ വിലയും ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് നൽകുന്ന ആഹാര സാധനങ്ങൾ, പാലുത്പന്നങ്ങൾ, എൽ.പി.ജി ഗ്യാസ്, ക്ലീനിംഗ് സാധനങ്ങൾ മുതലായവയുടെ വിലയും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നു സമിതിക്ക് ബോദ്ധ്യപ്പെട്ടുകയുണ്ടായി. ആകയാൽ ഈ ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-96 – ആയുർവേദ ഫാർമസി
24-സാധനസാമഗ്രികൾ

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിനു കീഴിലുള്ള മൂന്ന് ആശുപത്രികളിലേക്കും ആവശ്യമായ മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിലേയ്ക്കുള്ള അസംസ്കൃത മരുന്നുകൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജ്

2210-05-101-96-05 – ഓഫീസ് ചെലവുകൾ

(2) - വൈദ്യുത ചെലവ് , (3) - ടെലഫോൺ ചെലവ്, (4) - മറ്റിനങ്ങൾ, തുടങ്ങിയ ഓഫീസ് ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന്

വിലയിരുത്തലിൽ പദ്ധതിയേതര ഇനത്തിൽ 6 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-96-12 - സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും

കോളേജുകളിലെ പി.ജി കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്, എം.ജി. യൂണിവേഴ്സിറ്റി/KUHS മുഖാന്തിരമുള്ള രണ്ട് ബാച്ച് ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾക്ക് അലവൻസ് എന്നിവ നൽകുന്നതിന് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് മനസിലാക്കിയ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 146.50 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-96-24 - സാധന സാമഗ്രികൾ

കോളേജിലേയ്ക്കും ഫാർമസിയിലേയ്ക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ലാബ് ഉപകരണങ്ങൾ, രാസവസ്തുക്കൾ, രോഗികൾക്ക് ആവശ്യമായ മരുന്നുകൾ തുടങ്ങിയവ വാങ്ങുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന വിലയിരുത്തലിൽ പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-96-34 - മറ്റ് ചെലവുകൾ

കോളേജിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ജീവനക്കാരുടെ യൂണിഫോം എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-96-28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്ക് റമ്യൂണറേഷൻ നൽകുന്നതിന് ഈ ശീർഷകത്തിൽ 4.74 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 1000 രൂപ

മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്ന് സമിതിക്ക് അറിയാൻ കഴിഞ്ഞു. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 4.74 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ**

4210-03-101-93 - സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ട ഭരണാനുമതി ലഭിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികെട്ടിടം, ആർ.എം.ഒ/സൂപ്രണ്ട് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആകയാൽ പദ്ധതിയിനത്തിൽ 1185 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സെൻട്രൽ ഗവൺമെന്റിന്റെ നോംസ് പ്രകാരം ആയുർവേദ വിദ്യാർത്ഥികൾ പത്തു ഡെലിവറിയെങ്കിലും കാണണമെന്നും സർജറിയിൽ ഒരു മാസം പോസ്റ്റിംഗ് ഉണ്ടാകണമെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ ഡെലിവറി കാണുന്നതിനുള്ള സൗകര്യം അലോപ്പതി ആശുപത്രികളിൽ നൽകിയിരുന്നുവെന്നും എന്നാൽ, ഈ വർഷം മുതൽ അവർക്ക് ആ സൗകര്യം ലഭിക്കുന്നില്ലെന്നുമുള്ള സാഹചര്യം സമിതി ചർച്ചചെയ്യുകയുണ്ടായി. ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് തീരുമാനമുണ്ടാകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

2210-05-101-79-05-2 - വൈദ്യുതി ചെലവ്

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ പുതിയതായി പണികഴിപ്പിക്കുന്ന ലേഡീസ് ഹോസ്റ്റലിലെ അധിക നിലയിലെ മുറികൾ ഉപയോഗക്ഷമമാകുന്നതോടുകൂടി വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ നിലവിൽ വൈദ്യുതി ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുക മതിയാവുകയില്ല എന്നതു പരിഗണിച്ച് ഈ ഇനത്തിൽ 1

ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിയ്ക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79-05-3 - ടെലഫോൺ ചെലവുകൾ

ടെലഫോൺ ചാർജ്ജിനത്തിൽ നിലവിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമാണെന്ന വിലയിരുത്തലിൽ പദ്ധതിയേതരയിനത്തിൽ 30,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79-06 - വാടക, കരം, നികുതി

വിവിധ ക്വാർട്ടേഴ്സുകളുടെ കെട്ടിയ നികുതികൾ അടയ്ക്കേണ്ടതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79-12 – സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും

സ്കോളർഷിപ്പുകൾക്കും സ്റ്റൈപന്റുകൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന വിലയിരുത്തലിൽ പദ്ധതിയേതരയിനത്തിൽ 95 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79-45 – പി.ഒ.എൽ

ഡീസൽ ചാർജ്ജിൽ വർദ്ധനയുണ്ടായതു മൂലമുള്ള അധിക ചെലവ് വഹിക്കേണ്ടി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, പദ്ധതിയേതരയിനത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79-99 – വിവരസാങ്കേതിക വിദ്യ

ഐ.ടി സംബന്ധമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് നിലവിൽ ഈ

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല എന്ന് വിലയിരുത്തൽ വന്നതിനാൽ പദ്ധതിയേതരയിനത്തിൽ 11,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ**

2210-02-101-78-05-2 – വൈദ്യുതി ചെലവ്

പുതുതായി പ്രവർത്തനമാരംഭിച്ച എക്സ്-റേ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ്, വൈദ്യുതി ചാർജ്ജിൽ പൊതുവേ ഉണ്ടായിട്ടുള്ള വർദ്ധനവ് എന്നിവ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമാവുകയില്ല എന്ന വസ്തുത പരിഗണിച്ച് പദ്ധതിയേതരയിനത്തിൽ 3.69 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഭാരതീയ ചികിത്സാ വകുപ്പ് ആയുർവേദ ഡയറക്ടറേറ്റ്**

2210-02-001-99-05-3 – ടെലഫോൺ ചാർജ്ജ്

ഡയറക്ടറേറ്റിലെ ടെലഫോൺ ചാർജ്ജിനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-97-05-2 – മറ്റ് ആശുപത്രികളും ഡിസ്പെൻസറികളും- വൈദ്യുതി ചാർജ്ജ്

വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക തുക നൽകാനുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, പദ്ധതിയേതരയിനത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

14 ജില്ലകളിലേയും ആയുർവേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണത്തിനും കഷായം, ഭക്ഷണം, എന്നിവ പാകം ചെയ്യുന്നതിനുമുള്ള ഇന്ധന ചെലവിനുമായി നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന വിലയിരുത്തൽ വന്നതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ പദ്ധതിയേതരയിനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-198-50-24 - വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം - സാധന സാമഗ്രികൾ - 5 ലക്ഷം

2210-02-197-50-24 - ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം - സാധന സാമഗ്രികൾ - 20 ലക്ഷം

2210-02-196-50-24 - ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം - സാധന സാമഗ്രികൾ - 2 ലക്ഷം

2210-02-192-50-24 - മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം - സാധന സാമഗ്രികൾ - 40 ലക്ഷം

2210-02-191-50-24 - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം- സാധന സാമഗ്രികൾ - 1.5 ലക്ഷം

2210-04-101-86 - ജില്ലാ ആശുപത്രികളുടേയും താലൂക്ക് ആശുപത്രികളുടേയും നിലവാരം ഉയർത്തൽ

സംസ്ഥാനത്തെ 14 ജില്ലാ ആയുർവേദ ആശുപത്രികളിൽ നിലവിൽ 100 കിടക്കകളുള്ള ആശുപത്രി ആയി ഉയർത്തിയിട്ടുള്ളവ അഞ്ചെണ്ണം മാത്രമാണ്. ഈ സാമ്പത്തിക വർഷം തിരുവനന്തപുരം (വർക്കല), കൊല്ലം,എറണാകുളം, തൃശ്ശൂർ, കാസറഗോഡ് എന്നീ അഞ്ച് ജില്ലാ ആയുർവേദ ആശുപത്രികൾ കൂടി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനു വേണ്ടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്നു സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ആവശ്യത്തിലേക്ക് പദ്ധതിയിനത്തിൽ 400 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

2210-01-200-93 - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ പുതിയ ഇൻപേഷ്യന്റ് വിഭാഗവും മികച്ച ഉപകരണങ്ങൾ ഉൾപ്പെടെയുള്ള പുതിയ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവ്, ശമ്പളം, വേതനം, ശമ്പളേതര ചെലവുകൾ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, പദ്ധതിയേതരയിനത്തിൽ 145.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഇതോടൊപ്പം ഇൻപേഷ്യന്റ് വിഭാഗത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഠന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ധനകാര്യകമ്മീഷന്റെ സഹായത്തോടു കൂടി നടന്നു വരുന്ന നൂതന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുകയും പര്യാപ്തമല്ലെന്നു സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ, പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### റീജിയണൽ കാൻസർ സെന്റർ

2210-05-105-52-31 - പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം -
സഹായധനം- ശമ്പളം

2210-05-105-52-36 - സഹായധനം

സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയ റീജിയണൽ കാൻസർ സെന്ററിലെ വർദ്ധിച്ചു വരുന്ന രോഗികളുടെ എണ്ണത്തിനനുസൃതമായി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിന് നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ പദ്ധതിയിനത്തിൽ 650 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

റീജിയണൽ കാൻസർ സെന്ററിൽ നിന്നും വിരമിക്കുന്നവർക്ക് പെൻഷൻ നൽകുന്നതിനുള്ള കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിന് 2210-05-105-52-31 എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ അനുവദിച്ചിട്ടുള്ള തുക

അപര്യാപ്തമാണെന്ന് കണ്ടതിനാൽ 1700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

### മലബാർ കാൻസർ സെന്റർ

2210-05-200-98
2210-05-200-96-35 മലബാർ കാൻസർ സെന്ററിനുള്ള ധനസഹായം.
2210-05-200-96-36
2210-05-200-96-31

മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയാർ മെഡിസിൻ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണം നടത്തുന്നതിന് 500 ലക്ഷം രൂപയും ജീറിയാട്രിക് ഓങ്കോളജി സേവനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 145 ലക്ഷം രൂപയും ചേർത്ത് പദ്ധതിയിനത്തിൽ ആകെ 645 ലക്ഷം രൂപയും കാൻസർ മരുന്നുകളുടെ വിലവർദ്ധനവ് മൂലമുള്ള അധിക ചെലവും ജീവനക്കാരുടെ ശമ്പള വർദ്ധനവിനെ തുടർന്നുള്ള അധിക ചെലവും വഹിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 359 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

### ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്.

2210-02-102-98 - ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം.

ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, സൺട്രീസ്, ആഹാരപദാർത്ഥങ്ങൾ, എക്സ്-റേ ഫിലിം, കാൻസർ കെയർ യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 12 ലക്ഷം രൂപ അധികമായി പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

### നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻ.ആർ.എച്ച്.എം)

ആരോഗ്യപ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇടുക്കി, വയനാട്, കാസറഗോഡ് തുടങ്ങിയ ജില്ലകളിൽ ഡോക്ടർമാരുടെയും, നഴ്സുമാരുടെയും കുറവ് വന്നിട്ടുള്ളതായി സമിതി മനസ്സിലാക്കി. ഈ സാഹചര്യത്തിൽ പ്രശ്നബാധിത

ജില്ലകളിൽ ഡോക്ടർമാരേയും, നഴ്സമാരേയും നിയമിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

2210-06-101-29-02 - ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)

2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതത്തിൽ കുടിശ്ശിക വന്നിട്ടുള്ള 4279 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതത്തിൽ കുടിശ്ശിക വന്നിട്ടുള്ള 5855.72 ലക്ഷം രൂപയും അനുവദിച്ച നൽകിയാൽ മാത്രമേ 2015-16 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിനായുള്ള കേന്ദ്ര വിഹിതം മുഴുവനായി സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, മുൻ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന വിഹിതത്തിൽ വന്ന കുടിശ്ശിക തുക പരിഹരിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 10134.72 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-112-98 - ആശാ വർക്കർമാർക്കുള്ള അലവൻസ്

ആശാ വർക്കർമാർക്ക് പ്രതിമാസം 1000 രൂപ വച്ച് ഒരു വർഷത്തേക്ക് ഓണറേറിയം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്ത മാണെന്ന വിലയിരുത്തലിൽ പദ്ധതിയേതരയിനത്തിൽ 680.19 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2014-15 സാമ്പത്തിക വർഷം മുതൽ ദേശീയ ആരോഗ്യ ദൗത്യത്തിലേക്കുള്ള കേന്ദ്രവിഹിതം ട്രഷറി മുഖാന്തിരമാണ് നൽകിവരുന്നതെന്നും പ്രസ്തുത ഫണ്ട് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് കൈമാറുന്നതിന് നിലവിൽ കാലതാമസ മുണ്ടാകുന്നുവെന്നും ഇത് പല പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് തടസ്സമുണ്ടാക്കുമെന്നുമുള്ള വിലയിരുത്തലിൽ കേന്ദ്ര സംസ്ഥാന വിഹിതമായ

തുകകൾ കൈമാറുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണ മെന്ന് സമിതി നിർദ്ദേശിച്ചു.

2012-13 സാമ്പത്തിക വർഷത്തിൽ മഴക്കാല പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ പ്രവർത്തനങ്ങൾക്ക് കരാർ ജീവനക്കാരുടെ വേതനമുൾപ്പെടെയുള്ള ചെലവുകൾക്കായി മറ്റ് പദ്ധതികളിൽ നിന്നും വകമാറ്റി ചെലവഴിച്ച തുക തിരികെ നൽകുന്നതിനായി 1057 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഭക്ഷ്യസുരക്ഷാ വകുപ്പ്

### 4410-04-200-93 - ഭക്ഷണത്തിൽ മായം ചേർക്കൽ തടയുന്നതിനുള്ള കാര്യാലയം

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിനായി അനുവദിച്ച 70 സെന്റ് സ്ഥലത്ത് രണ്ട് നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, പ്രസ്തുത കെട്ടിടത്തിന്റെ പണി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന്, പദ്ധതിയിനത്തിൽ 150 ലക്ഷം അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു .

### 2210-06-102-99 - ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ

എറണാകുളം മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെ ഓഫീസ് നിലവിൽ റീജിയണൽ അനലിറ്റിക്കൽ ലാബിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഇത് ലാബിന്റെ അക്രഡിറ്റേഷനെ ബാധിക്കുമെന്നതിനാൽ എറണാകുളം അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ് കെട്ടിടത്തിൽ ഒരു നിലകൂടി പണിത് മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെ ഓഫീസ് സ്ഥാപിക്കുന്നതിനായി 40 ലക്ഷം രൂപയും ആറ്റിങ്ങൽ ഫുഡ് സേഫ്റ്റി ഓഫീസറുടെ കാര്യാലയത്തിൽ പരിശോധനയ്ക്ക

വരുന്ന ഫുഡ് സാമ്പിളുകൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം, കോൾഡ് സ്റ്റോറേജ് റൂം എന്നിവ സ്ഥാപിക്കുന്നതിനായി 35 ലക്ഷം രൂപയും ചേർത്ത് ആകെ 75 ലക്ഷം രൂപ പദ്ധതിയിനത്തിൽ 2210-06-102-99 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-107-98 - ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

സംസ്ഥാനത്ത് മൂന്ന് റീജിയണൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും ഒരു ജില്ലാ തല ലബോറട്ടറിയും മാത്രമാണ് നിലവിലുള്ളതെന്നും എല്ലാ ജില്ലകളിലും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയിനത്തിൽ 1000 ലക്ഷം രൂപ 2210-06-107-98 എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

മൂന്ന് ഫുഡ് സേഫ്റ്റി ലബോറട്ടറികൾക്ക് NABL അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 300 ലക്ഷം രൂപ 2210-06-107-98 എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

പച്ചക്കറികളിലേയും പഴവർഗ്ഗങ്ങളിലെയും മറ്റ് ഭക്ഷണ പദാർത്ഥങ്ങളിലെയും കീടനാശിനികളുടെ സാന്നിദ്ധ്യവും അളവും, ഭക്ഷ്യ പദാർത്ഥങ്ങളിലെ കൃത്രിമ കളറിന്റെ സാന്നിദ്ധ്യവും അളവും, ഭക്ഷ്യ പദാർത്ഥങ്ങളിലെ ആഫ്ളോറ്റോക്സിൻ, കൃത്രിമ കളറുകൾ, പ്രിസർവേറ്റീവ്സ് എന്നിവ കണ്ടുപിടിക്കുന്നതിനുള്ള ലിക്വിഡ് ക്രോമെറ്റോഗ്രാഫ് മാസ് സ്പെക്ട്രോ മീറ്റർ (LCMSMS) എന്ന ഉപകരണം എറണാകുളം റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിയിൽ ലഭ്യമാക്കുന്നതിന് പദ്ധതിയിനത്തിൽ 150 ലക്ഷം രൂപ 2210-06-107-98 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ജില്ലാ തലങ്ങളിൽ ഭക്ഷ്യ സുരക്ഷ സംബന്ധമായ പരിശോധനകൾ നടത്തുന്നതിന് വാഹനങ്ങൾ അത്യാവശ്യമാണെന്നും നിലവിലുള്ള പഴക്കം ചെന്ന വാഹനങ്ങൾ ഇത്തരം പരിശോധനകൾ നടത്തുന്ന സമയത്ത് ഉപയോഗക്ഷമ മല്ലാതാകുന്ന സ്ഥിതി വിശേഷമുള്ളതിനാൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേയ്ക്കായി പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ 2210-06-107-98 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സുരക്ഷ ഓഫീസുകളുടെ വാടക കുടിശ്ശിക നൽകുന്നതിലേക്കായി പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപ 2210-06-102-99 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നിറ്റീവ് ന്യൂറോ സയൻസ് (ഐക്കോൺസ്)

2210-05-105-36 - ജ്ഞാന ഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള സൊസൈറ്റി.

ഷൊർണ്ണൂരിലെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 100 ലക്ഷം രൂപയും സ്ഥാപനത്തിലെ ഉപകരണങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ഘടകങ്ങൾ വാങ്ങുന്നതിനും വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി 50 ലക്ഷം രൂപയും 'റസിഡൻഷ്യൽ ഹോം' എന്ന പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപയും പുലയനാർ കോട്ടയിലെ ഐ.പി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയിനത്തിൽ 290 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## കേരള ആരോഗ്യ സർവ്വകലാശാല

2210-05-001-88 - ആരോഗ്യ സർവ്വകലാശാല കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ്. (ഒറ്റത്തവണ കേന്ദ്ര സഹായം)

അധിക

2210-05-001-93-36 - മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ - സഹായധനം (ശമ്പളേതരം).

2210-05-001-93-31 - സഹായധനം (ശമ്പളം)

ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന റിലയിരുത്തൽ വന്നതിനാൽ പദ്ധതിയിനത്തിൽ 935 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 588.92 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

2210-06-104-98 - മരുന്നു പരിശോധനാശാല

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ 5 വാഹനങ്ങളും കണ്ടം ചെയ്യാറായ വാഹനങ്ങൾക്ക് പകരം പുതിയ 3 വാഹനങ്ങളും ഉൾപ്പെടെ ആകെ 8 വാഹനങ്ങൾ വാങ്ങുന്നതിനായി പദ്ധതിയേതരയിനത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം**

2211-00-001-99-34 - സംസ്ഥാന സംഘടന (100% കേന്ദ്രാവിഷ്കൃത പദ്ധതി) - മറ്റു ചെലവുകൾ

2014-15 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ സാമ്പത്തിക വർഷത്തിലെ അവസാന മാസങ്ങളിൽ ഫണ്ട് ഇല്ലാതെ ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെട്ടുകയുണ്ടായതായി സമിതി മനസ്സിലാക്കി. ആയതിനാൽ, ഈ സാമ്പത്തിക വർഷം മറ്റിനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2211-00-101-99-06 - വാടക, കരം, നികുതി

ഓരോ ജില്ലകളിലുമുള്ള സബ് സെന്ററുകളുടെ വാടകയിനത്തിൽ വൻ

കുടിശ്ശിക കൊടുത്തു തീർക്കേണ്ടതായുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിന് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 9.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതിയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എത്രയും വേഗം ലഭ്യമാക്കണമെന്ന് യോഗത്തിൽ സമിതി നിർദ്ദേശിച്ചു.

സമിതി യോഗം വൈകുന്നേരം 3.45 ന് അവസാനിച്ചു.

-------

## 04-5-2015-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി (2013-16) 2015 മെയ് 4-ാം തീയതി, തിങ്കളാഴ്ച, രാവിലെ 10.30-ന് നിയമസഭാ കോംപ്ലക്സിലെ IV-എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. വി.എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ചുവടെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ
2. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ

ഭാഗമായി, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന, പന്ത്രണ്ടാം വിഷയനിർണ്ണയ സമിതിയുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെ (അഞ്ചാമത് റിപ്പോർട്ട്) കരട് സമിതി പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്തയോഗം 2015 മെയ് മാസം 27-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് കൂടുന്നതിന് തീരുമാനിക്കുകയുണ്ടായി.

സമിതിയോഗം രാവിലെ 10.45-ന് അവസാനിച്ചു..

--------

## 13.7.2015 ലെ സമിതി യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി 2015 ജൂലൈ 13 -ാം തീയതി തിങ്കളാഴ്ച, ഉച്ചയ്ക്ക് ശേഷം 12.15 ന് നിയമസഭാ സമുച്ചയത്തിലെ VD സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിത രായിരുന്നു.

1. ശ്രീമതി. പി. അയിഷാപോറ്റി, എം.എൽ.എ
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ
3. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ
4. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ
5. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1.ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ :-**

1. ഡോ. എം. ബീന, സെക്രട്ടറി, ആയുഷ്

2. ശ്രീ. ഒ. എ. അജിത് കുമാർ, സ്പെഷ്യൽ സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്.
3. ശ്രീ. കെ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ഡോ. എസ്. ജയശങ്കർ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്.
5. ഡോ. റ്റി. ശിവദാസ്, ഡയറക്ടർ, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ.
6. ഡോ. അനിതാ ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ.
7. ഡോ. കെ. ജമുന, ഡയറക്ടർ ഓഫ് ഹോമിയോപ്പതി.
8. ശ്രീമതി റ്റി. വി. അനുപമ, കമ്മീഷണർ, ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ്.
9. ഡോ. ആർ. ദിലീപ് കുമാർ, മാനേജിംഗ് ഡയറക്ടർ (ഇൻ-ചാർജ്ജ്) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ.
10. ശ്രീ. ബി. പി. സജീവ്, ഡെപ്യൂട്ടി സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്.
11. ശ്രീ. പി. ഹരിപ്രസാദ്, കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്.

യോഗത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## 1. കരട് ചട്ടത്തിന്റെ പരിഗണന

**ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ (കേരള) സർവ്വീസസ് അമെന്റ്മെന്റ് ആന്റ് സ്പെഷ്യൽ റൂൾസ് 2014.**

(ഫയൽ നമ്പർ. 2981/സബ്. സി. എഫ്2/14/നി.സെ)

താഴെപറയും പ്രകാരമുള്ള ഭേദഗതികളോടെ കരട് ചട്ടം സമിതി അംഗീകരിച്ചു.

1. കരട് ചട്ടത്തിന്റെ ചുരുക്കപ്പേരിലെ വർഷം '2014' എന്നത് '2015' എന്ന് ഭേദഗതി ചെയ്യുക.

2. ചട്ടം 1(2) ലെ നിലവിലുള്ള വ്യവസ്ഥ "They shall be deemed to have come into force on 5th April 2005" എന്ന് ഭേദഗതി ചെയ്യുക.

II **സമിതിയുടെ മുൻകാല റിപ്പോർട്ടുകളിലെയും യോഗങ്ങളിലെയും ശിപാർശകളിലും നിർദ്ദേശങ്ങളിലും മറുപടി ലഭ്യമാകാത്തതു സംബന്ധിച്ച് നടത്തിയ തെളിവെടുപ്പ്**

1. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ. 3415/ സബ്. സി. എഫ്2/2014/നി.സെ)

പ്രസ്തുത റിപ്പോർട്ടിലെ, ഇനിയും മറുപടി ലഭിക്കാതിരിക്കുന്ന 2, 7, 8, 9, 10, 11, 47, 63 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുന്നതാണെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

2. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ. 5617/ സബ്. സി. എഫ്2/2011/നി.സെ)

പ്രസ്തുത റിപ്പോർട്ടിലെ, ഇനിയും മറുപടി ലഭ്യമാക്കാനുള്ള 1-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ഉടൻ തന്നെ സമർപ്പിക്കാമെന്ന് സമിതിയിൽ ബോധിപ്പിക്കപ്പെട്ടു.

3 2010-ലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് ആക്ട് പ്രകാരമുള്ള യൂണിവേഴ്സിറ്റിയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടിൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ കരട്.

(ഫയൽ നമ്പർ. 5988/ സബ്. സി. എഫ്2/2013/നി.സെ)

സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നതും സമിതി ഭേദഗതികൾ നിർദ്ദേശിച്ചതുമായ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ പ്രഥമ സ്റ്റാറ്റ്യൂട്ടിന്റെ കരടിന്മേലുള്ള സൂക്ഷ്മപരിശോധന ജോലികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും 15 ദിവസത്തിനുള്ളിൽ നടപടി

പൂർത്തിയാക്കി ആരോഗ്യ വകുപ്പിനു നൽകുന്നതാണെന്നും നിയമവകുപ്പ് അഡിഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം വരുന്ന കരട് സ്റ്റാറ്റ്യൂട്ട് ഒരു മാസത്തിനകം സമിതിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

4 മൈസൂർ യൂണിവേഴ്സിറ്റിയുടെ ഫുഡ് ടെക്നോളജി കോഴ്സിനുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭ്യമാക്കുന്നതു - സംബന്ധിച്ച്.

(ഫയൽ നമ്പർ. 1520/ സബ്. സി. എഫ്2/2012/നി.സെ)

മൈസൂർ യൂണിവേഴ്സിറ്റിയുടെ ഫുഡ് ടെക്നോളജി കോഴ്സ് കേരളത്തിൽ നിലവിലില്ലാത്തതിനാൽ പ്രസ്തുത കോഴ്സ് ഉയർന്ന യോഗ്യതയായി പരിഗണിക്കാൻ സാധിക്കുകയില്ലായെന്നും, മൈസൂർ യൂണിവേഴ്സിറ്റിയിലേക്ക് മൂന്നു തവണ ബന്ധപ്പെട്ടിട്ടും ഇക്കാര്യത്തിൽ വ്യക്തതവരുത്തുന്നതിന് പ്രോസ്പെക്ടസോ സിലബസോ തത്തുല്യമായ സർട്ടിഫിക്കറ്റോ തരാൻ തയ്യാറായിട്ടില്ലെന്നും കൂടാതെ, ഈ കോഴ്സിന്റെ വിശദവിവരങ്ങൾക്കായി എല്ലാ യൂണിവേഴ്സിറ്റികളിലേയ്ക്കും കത്തയച്ചിരുന്നുവെങ്കിലും പ്രതികൂല മറുപടിയാണ് ലഭ്യമായതെന്നും സമിതി നിർദ്ദേശപ്രകാരം ചീഫ് ഗവൺമെന്റ് അനലിസ്റ്റ് ചെയർമാനായും എം.ജി. യൂണിവേഴ്സിറ്റിയുടെയും ഫുഡ് സേഫ്റ്റിയിലെയും റെപ്രസന്റേറ്റീവുകൾ അംഗങ്ങളായിട്ടുള്ളതുമായ ഒരു കമ്മിറ്റിയെ പ്രസ്തുത വിഷയം പഠിച്ച് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാനുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഫുഡ് സേഫ്റ്റി കമ്മീഷണർ സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

വിദ്യാഭ്യാസ യോഗ്യതയായി ബിരുദവും കൂടാതെ കെമിസ്ട്രിയിലും ഫുഡ് ടെക്നോളജിയിലും 3 വർഷത്തെ ഡിപ്ലോമയും ഉള്ളവരെയാണ് നിലവിൽ ഫുഡ് അനലിസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമിക്കുന്നതെന്നും പ്രസ്തുത കോഴ്സിൽ ഒന്നര വർഷത്തോളം ലാബ്

അനാലിസിസ് പ്രത്യേകമായി പഠിക്കുന്നുണ്ടെന്നും എന്നാൽ, മൈസൂർ യൂണിവേഴ്സിസിറ്റിയുടെ പി.ജി ഡിപ്ലോമ 10 മാസത്തെ കോഴ്സ് മാത്രമാണെന്നും വ്യക്തമാക്കിയ ഫുഡ് സേഫ്റ്റി കമ്മീഷണർ, നിലവിൽ പി. ജി. ഡിപ്ലോമ മാനദണ്ഡമാക്കി ഫുഡ് അനലിസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ചിരിക്കുന്നവരുടേത് സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് നിയമനം സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും അവരുടെ തുടർന്നുള്ള സർവ്വീസിന് യാതൊരു പ്രശ്നവും വരുന്നില്ലെന്നും, അതേസമയം പ്രസ്തുത തസ്തികയിലേക്ക് പി.ജി. ഡിപ്ലോമ കോഴ്സ് യോഗ്യതയുള്ളവരെ തുടർന്ന് നിയമിക്കുന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണെന്നും ആയത് സംബന്ധിച്ചുള്ള തുടർ നടപടികൾ എത്രയും വേഗം സമിതിയെ അറിയിക്കാമെന്നും കൂട്ടിച്ചേർത്തു.

സ്പെഷ്യൽ റൂൾസ് നിലവിൽ വരുമ്പോൾ പി.ജി.ഡിപ്ലോമ യോഗ്യത അടിസ്ഥാനമാക്കി സേവനത്തിൽ പ്രവേശിച്ചവരുടെ തുടർ പ്രൊമോഷനുകളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ ആവശ്യമായ സംരക്ഷണം ചട്ടത്തിൽ ചേർക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

5. ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിന് കൗൺസിൽ രൂപീകരിക്കണമെന്നുള്ള ആവശ്യം സംബന്ധിച്ച്.

(ഫയൽ നമ്പർ. 1521/ സബ്. സി. എഫ്2/2012/നി.സെ)

ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് പ്രത്യേക കൗൺസിൽ രൂപീകരിക്കേണ്ടതില്ല എന്ന സർക്കാർ ഉത്തരവ് ഹൈക്കോടതി ഉത്തരവിലൂടെ സ്റ്റേ ചെയ്തിരിക്കുകയാണെന്നും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും വിവരം ലഭ്യമായിട്ടില്ലെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കേസ് സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ അറിയിച്ചാൽ മാത്രമെ ആയത് പരിഗണിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂവെന്ന് വിലയിരുത്തിയ സമിതി, ഇനിയും കോടതി വിധി

ആയിട്ടില്ല എങ്കിൽ അക്കാര്യം രേഖാമൂലം ലഭ്യമാക്കി ഇതുസംബന്ധിച്ച ഫയൽ നടപടി അവസാനിപ്പിക്കുവാൻ നിർദ്ദേശിച്ചു.

**III. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

1. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ. 3415/സബ്. സി. എഫ്2/2014/നി.സെ)

   ശിപാർശ നമ്പർ : 41, 42, 49, 29, 30, 32, 37, 38, 51, 52, 53, 26, 27, 28, 31, 33, 34, 35, 36, 5, 14, 43, 45, 53, 60, 61, 1, 3, 4, 44, 46, 54,55, 56, 57, 58, 59, 17, 18, 19, 20, 21, 22, 23, 24, 25, 48, 64, 15, 50 & 62.

2. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ. 5617/സബ്. സി. എഫ്2/2011/നി.സെ)

   ശിപാർശ നമ്പർ : 7

3. 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ. 11795/സബ്. സി. എഫ്2/2011/നി.സെ)

   ശിപാർശ നമ്പർ : 68

4. 2008-09 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ. 11786/സബ്. സി. എഫ്2/2011/നി.സെ)

   ശിപാർശ നമ്പർ : 99

5. 2005-06 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.
(ഫയൽ നമ്പർ. 659/സബ്. സി. എഫ്2/2011/നി.സെ)

ശിപാർശ നമ്പർ : 66(എ)

IV. **വിവിധ സമിതി യോഗ നിർദ്ദേശങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

താഴെപ്പറയുന്ന സമിതി യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 24.04.2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേലുള്ള തുടർ നടപടി സ്റ്റേറ്റ്മെന്റ്.
   (ഫയൽ നമ്പർ : 3346/സബ്. സി. എഫ്2/2013/നി.സെ)

   ഖണ്ഡിക നമ്പർ : 6

2. 29.04.2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേലുള്ള തുടർ നടപടി സ്റ്റേറ്റ്മെന്റ്.
   (ഫയൽ നമ്പർ : 3347/സബ്. സി. എഫ്2/2013/നി.സെ)

   ഖണ്ഡിക നമ്പർ : 1, 2, 4, 5

   പ്രസ്തുത യോഗ നിർദ്ദേശങ്ങളിലെ മൂന്നാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ വ്യക്തതക്കുറവുള്ളതിനാൽ മറുപടിയിലെ SHAPE, LEAP എന്നിവയിൽ വ്യക്തത വരുത്തി വീണ്ടും ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

V **കരട് റിപ്പോർട്ടുകളുടെ പരിഗണന.**

1. ചട്ടം 235(എ) പ്രകാരം സമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.
   (ഫയൽ നമ്പർ. 4456/സബ്. സി. എഫ്2/2014/നി.സെ)

2. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.
(ഫയൽ നമ്പർ. 3451/സബ്. സി. എഫ്2/2015/നി.സെ)

3. 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.
(ഫയൽ നമ്പർ. 2533/സബ്. സി. എഫ്2/2015/നി.സെ)

യോഗം ഉച്ചയ്ക്ക് ശേഷം 1.00 മണിയ്ക്ക് അവസാനിച്ചു.

------

## 16.9.2015-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി 2015 സെപ്തംബർ 16, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളനഹാളിൽ യോഗം ചേർന്നു. ചെയർമാൻ, ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. ഐ.സി. ബാലകൃഷ്ണൻ, എം.എൽ.എ.
3. ശ്രീ. പി.കെ. ബഷീർ, എം.എൽ.എ.
4. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
5. ശ്രീ. എ.റ്റി. ജോർജ്, എം.എൽ.എ.
6. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, എം.എൽ.എ.
7. ശ്രീ. റോഷി അഗസ്റ്റിൻ, എം. എൽ. എ.

8. ശ്രീ. കെ.എസ്. ശബരിനാഥൻ, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

**<u>ഹാജരായ ഉദ്യോഗസ്ഥർ</u>**

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
2. ഡോ. എം. ബീന, സെക്രട്ടറി, ആയുഷ് വകുപ്പ്
3. ഡോ. എസ്. ജയശങ്കർ, ഡയറക്ടർ, ഹെൽത്ത് സർവ്വീസ്
4. ഡോ. അനിതാ ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
5. ശ്രീ. കെ. ദിലീപ്കുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി എസ്. നിഷ, ഡെപ്യൂട്ടി സെക്രട്ടറി, ആയുഷ് വകുപ്പ്
7. ശ്രീമതി പി.ബി. രാധിക, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.
8. ഡോ. എൻ. വിമല, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, എ.എസ്.യു
9. ശ്രീമതി എം.ആർ. അമലാദേവി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്
10. ശ്രീ. ആർ. വിജയൻ, ഫിനാൻസ് ഓഫീസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. **<u>കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "ആയുർവേദ ചികിത്സാരംഗം നേരിടുന്ന പ്രശ്നങ്ങൾ" എന്ന വിഷയം സംബന്ധിച്ചുള്ള ചർച്ച.</u>**

ആയുർവേദ ചികിത്സാ രംഗത്തെ പ്രശ്നങ്ങളെ കുറിച്ച് പരാതികൾ

ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച നടത്തുന്നതെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

മറ്റ് സംസ്ഥാനങ്ങളിൽ അലോപ്പതി ചികിത്സയുടെ അഭാവത്തിൽ മാത്രം ആയുർവേദത്തെ പരിഗണിക്കുമ്പോൾ കേരളത്തിന്റെ തനത് ചികിത്സാരീതിയായ ആയുർവേദത്തെ അതിന്റെ എല്ലാ മൂല്യങ്ങളും, പാരമ്പര്യവും കാത്തുകൊണ്ടാണ് കേരളത്തിൽ നടപ്പിലാക്കുന്നതെങ്കിലും, ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ലെന്ന് ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. സർക്കാരിന്റെ പരിമിതികളും, ഫണ്ടിന്റെ അപര്യാപ്തതയും, ചുരുങ്ങിയ ഭൗതിക സാഹചര്യങ്ങളും ആയുർവേദ ചികിത്സ രംഗത്തിന്റെ വികസനത്തിന് തടസ്സമാണെന്നും, പരിമിതികളുള്ളിൽ നിന്നുകൊണ്ട് അഭിമാനാർഹമായ പല നേട്ടങ്ങളും കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയുടെ സമഗ്ര വികസനത്തിനായി ഒരു നയരൂപീകരണം ആവശ്യമാകയാൽ ആയതിലേക്കായി ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം 'ആയുഷ് പോളിസി' രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായും ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ആയുർവേദത്തിന്റെ പഠന-ഗവേഷണ-ചികിത്സ-ഔഷധനിർമ്മാണ മേഖലകൾക്ക് സഹായകമാകുന്ന നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതമൂലം അവ നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നും നിലവിൽ അലോപ്പതി ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ ഉപവിഭാഗമായാണ് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നതെന്നും ഇത് ആയുർവേദ ഡ്രഗ്സ് കൺട്രോളർ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടറും ഏഴ് ഡ്രഗ്സ് ഇൻസ്പെക്ടർമാരും പന്ത്രണ്ട് അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുമായി ഒരു പ്രത്യേക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഭരണപരമായ വിഷയങ്ങളിൽ സ്വതന്ത്ര മായി പ്രവർത്തിക്കുന്നതിന് സാധിക്കുന്നില്ലെന്നും അവർ സമിതിയെ അറിയിച്ചു.

ആയതിനാൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ ആവശ്യകതയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ ആയുർവേദ ത്തെ ഉൾപ്പെടുത്തേണ്ടതിന്റെ അനിവാര്യതയും സമിതിയെ അറിയിക്കുകയുണ്ടായി. പക്ഷാഘാതം, ഓർത്തോപീഡിക്, മാനസിക രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഫലപ്രദമായ ചികിത്സ ആയുർവേദത്തിൽ ഉള്ളതിനാൽ തുടർചികിത്സയ്ക്കായി പ്രത്യേകം റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കേണ്ട താണെന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ആയുർവേദ രംഗത്തെ ഉന്നത വിദ്യാഭ്യാസം, ചികിത്സ, ഔഷധ നിർമ്മാണ മേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പഠന ഗവേഷണങ്ങൾക്കും വിപുലമായ വിവര ശേഖരണത്തിനും വിവര സംഭരണത്തിനും ആഗോള ശ്രദ്ധയാകർഷിക്കുന്ന പ്രസിദ്ധീകരണത്തിനുതകുന്ന സ്റ്റേറ്റ് ഹെൽത്ത് റിസർച്ച് സെന്റർ ആയുർവേദത്തിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്ക ണമെന്ന് ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിന് ഏറെ വിദേശനാണ്യം നേടിത്തരുന്ന ടൂറിസ്റ്റുകൾക്ക് പ്രയോജ നപ്പെടുംവിധം ഫലപ്രദമായ ആയുർവേദ സെന്ററുകൾ സ്ഥാപിക്കേണ്ട തിനെക്കുറിച്ചും പ്രിവന്റീവ്, പ്രൊമോഷണൽ, പാലിയേറ്റീവ്, റീഹാബിലിറ്റേറ്റീവ് മേഖലകളിൽ ആയുർവേദത്തിന്റെ സാദ്ധ്യതകൾ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ സമിതിയുടെ ഇടപ്പെടൽ ഉണ്ടാകണമെന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

നിരവധി രോഗികൾക്ക് ആശ്വാസപ്രദമായ 'പാലിയേറ്റീവ് കെയർ' സെന്ററുകൾ ആയുർവേദ മേഖലയിലും ആരംഭിക്കേണ്ടതിനെക്കുറിച്ച് സമിതിയിൽ ചർച്ച ചെയ്തു. ഇടുക്കിയിൽ ഒരു മോഡൽ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആയുർവേദ ഡോക്ടർമാരെ ഉൾപ്പെടുത്തി തുടങ്ങിയിട്ടുണ്ടെന്നും, ഫണ്ടിന്റെ അപര്യാപ്തതമൂലം അത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ലെന്നും പദ്ധതിയേതര ഇനത്തിൽ തുക അനുവദിച്ചാൽ മാത്രമേ നല്ല പദ്ധതികൾകൂടി ഉൾപ്പെടുത്തി മികച്ച രീതിയിൽ

കൊണ്ടുപോകാൻ കഴിയുകയുള്ളൂ എന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ആയുർവേദത്തിനും മറ്റ് ചികിത്സാ സമ്പ്രദായങ്ങൾക്കും കൂടുതൽ പ്രചാരണം നൽകുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായാണ് ആയുഷ് വകുപ്പിന് രൂപം നൽകിയിട്ടുള്ളതെന്നും, ആയുർവേദ ചികിത്സയെ ശാക്തീകരിക്കുന്നതിനായി സിദ്ധ, യുനാനി തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേകമായ ഒരു ഹെൽത്ത് പോളിസി തയ്യാറാക്കുന്നുണ്ടെന്നും, 26 കോടി രൂപ ഈ ഇനത്തിലേക്ക് വകയിരുത്തിയിട്ടുണ്ടെന്നും, ആയുർവേദത്തിന് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ഹെൽത്ത് പോളിസിയിൽ ആയുർവേദ പാലിയേറ്റീവ് കെയർ മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സ്കീം ആരംഭിക്കുകയാണെങ്കിൽ ആശാ വർക്കർമാരെ പ്പോലുള്ളവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും കൂടാതെ ഹെൽത്ത് ടൂറിസം, ആയുർവേദ സസ്യങ്ങൾ വച്ചുപിടിപ്പിക്കൽ എന്നീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഹെൽത്ത് പോളിസി അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കാൻ സമിതി സെക്രട്ടറിയോട് നിർദ്ദേശിക്കുകയുണ്ടായി.

കൂടാതെ, നിരവധി വ്യാജ ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ തടയുന്നതിന് ശക്തമായ നടപടികളില്ലെന്ന വിവരവും സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യാജ പരസ്യങ്ങൾ നൽകുന്നവർക്കെതിരെയും, അതിൽ അഭിനയിക്കുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട 127 കേസുകൾ കോടതിയിലുണ്ടെന്നും 5000 രൂപയാണ് പിഴയിനത്തിൽ ഈടാക്കുന്നതെന്നും, ശിക്ഷയും പിഴയും കുറവായതിനാലാണ് കുറ്റങ്ങൾ ആവർത്തിക്കപ്പെടുന്നതെന്നും, ആയത് വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി.

വ്യാജ ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ എന്നതുകൊണ്ട്

ഉദ്ദേശിക്കുന്നത് എന്താണെന്ന് സമിതിയുടെ ചോദ്യത്തിന് ക്വാളിഫൈഡ് അല്ലാത്തവർ നടത്തുന്ന സ്ഥാപനങ്ങളെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും ആയുഷ് സെക്രട്ടറി സമിതിയെ അറിയിച്ചു. പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ്, ഗ്രാന്റ് എന്നിവ നൽകുന്നതിനെ കുറിച്ച് ചർച്ച ചെയ്യപ്പെട്ടു. പാരമ്പര്യ വൈദ്യൻമാർ, വിഷഹാരികൾ എന്നിവർക്ക് ലൈസൻസ് കൊടുത്തു തുടങ്ങിയതാണെന്നും എന്നാൽ, കോടതി ഉത്തരവിൻ പ്രകാരം ആയത് ഇപ്പോൾ നൽകുന്നില്ലായെന്നും, മുൻമ്പ് സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ പ്പെട്ടവർക്ക് മാത്രമേ ഗ്രാന്റ് നൽകുന്നുള്ളു എന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ടൂറിസ്റ്റ് വിസയിൽ വരുന്ന വിദേശികൾക്കും മികച്ച ആയുർവേദ ചികിത്സ നൽകത്തക്ക വിധത്തിൽ അംഗീകാരമുള്ള സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വിദേശ നാണ്യങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് പോകുന്ന സ്ഥിതിയാണെന്നും സമിതിയിൽ അഭിപ്രായപ്പെട്ടു. കേരളത്തിൽ ആയുർവേദ മേഖലയിൽ പോസ്റ്റ് ഗ്രാജ്വേഷൻ സാധ്യതയുള്ള ഡോക്ടർമാർ കുറവാണെന്നും, ഡോക്ടർമാർക്ക് ഉപരിപഠനസാദ്ധ്യത ലഭ്യമാക്കണെ- മെന്നും, 12000 ആയുർവേദ ഡോക്ടർമാർ പ്രാക്ടീസ് ചെയ്യുന്നുണ്ടെങ്കിലും അതിൽ പത്തിൽ ഒരാൾ മാത്രമാണ് എം.ഡി. ബിരുദം നേടിയിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു. 16 വിഷയത്തിൻ ടി മേഖലയിൽ പി.ജി കോഴ്സ് ഉണ്ടായിട്ടും കേരളത്തിൽ ഒരു കോഴ്സ് പോലും അനുവദിച്ചിട്ടില്ല എന്ന അവസ്ഥയും യോഗത്തിൽ ചർച്ചാ വിഷയമായി. മികച്ച ചികിത്സ ഉറപ്പാക്കുംവിധത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ആയുർവേദ മേഖലയിലും കടന്നുവരുന്ന അവസ്ഥ ഉണ്ടാകണമെന്നും ആയുർവേദ കോളേജുകളിൽ പി.ജി കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മരുന്നുകൾ പരിശോധിക്കാനുള്ള സജ്ജീകരണങ്ങൾ ഇല്ലാത്ത അവസ്ഥയാണെന്ന്

സമിതിയിൽ ചൂണ്ടികാണിക്കപ്പെട്ടു. മാരകമായ അസുഖങ്ങൾക്ക് പോലും ഫലപ്രദമായ ചികിത്സ പ്രദാനം ചെയ്യുന്ന ആയുർവേദ മേഖലയെ, കാരുണ്യ, ചീസ്, ആർ.എസ്.ബി.വൈ എന്നീ ആരോഗ്യ ചികിത്സ പദ്ധതികളിൽ ഉൾപ്പെടുത്താത്ത അവസ്ഥയും സമിതിയിൽ ഉന്നയിക്ക പ്പെട്ടപ്പോൾ ആയത് പരിഗണിക്കുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

സ്വകാര്യ ആയുർവേദ ആശുപത്രികളും ക്ലിനിക്കുകളും സ്ഥാപിക്കുമ്പോൾ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന തിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ചെയർമാൻ നിർദ്ദേശം നൽകി. ആയുർവേദ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നവർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

ആയുർവേദ മേഖലയിൽ നിലനിൽക്കുന്ന അളവ് തൂക്ക നിയമത്തിലെ വൈരുദ്ധ്യങ്ങൾ സമിതിയിൽ ഉന്നയിക്കപ്പെട്ടു. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് പ്രകാരം അവരവരുടെ രോഗികൾക്ക് സ്വന്തമായി മരുന്നു നിർമ്മിച്ചു നൽകുവാനും, ആയതിന്റെ വിലയോ, ചേരുവകളോ പ്രദർശിപ്പിക്കണ്ട എന്നും അനുശാസിക്കുന്ന ണ്ടെങ്കിലും, വില രേഖപ്പെടുത്തിയില്ലെങ്കിൽ ലീഗൽ മെട്രോളജിയും, രേഖപ്പെടുത്തിയാൽ ഡ്രഗ്സ് കൺട്രോളറും കേസ് എടുക്കുന്ന അവസ്ഥ യിലാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്ത്രീരോഗ-ശിശുരോഗ വിഭാഗങ്ങൾ കൂടി ആയുർവേദത്തിൽ ഉൾപ്പെടുത്തി ആയത് ജില്ലാതല ആശുപത്രികളിൽ കൂടി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതിയിൽ അഭിപ്രായപ്പെട്ടു.

മേൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തി, ആയതിന്റെ പരിഹാരങ്ങൾ മാർഗ്ഗങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു നയരൂപീകരണം ഉണ്ടായാൽ മാത്രമേ ആയുർവേദ മേഖലയെ ശക്തിപ്പെടുത്താൻ കഴിയുകയുള്ളൂ എന്നും, ആയുർവേദ ചികിത്സാ രംഗത്തെ പ്രശ്നങ്ങൾ എല്ലാം തന്നെ പ്രസ്തുത

നയത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നതായിരിക്കും ഉചിതമെന്നും സമിതിയിൽ ഉന്നയിക്കപ്പെട്ടു.

'ഹെൽത്ത് പോളിസി' രൂപീകരിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, പ്രസ്തുത കരട് നയം രൂപീകരിച്ചശേഷം മേൽ വിഷയം സംബന്ധിച്ച് വിശദമായ ഒരു ചർച്ച കൂടി നടത്തുന്നതായിരിക്കും ഉചിതമെന്ന് സമിതി ചെയർമാൻ അറിയിച്ചു.

## II. ചട്ടത്തിന്റെ സാധൂകരണം

എ). കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്)- അമെൻമെന്റ് സ്പെഷ്യൽ റൂൾസ്- 2014

(ഫയൽ നമ്പർ: 5727/സബ്.സി.എഫ്2/2013/നി.സെ)

സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിച്ച കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ്, 2014 (SRO No. 776/2014) ന് ഭേദഗതികൾ ഒന്നും കൂടാതെ സമിതി സാധൂകരണം നൽകി.

ബി). സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിച്ച കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ്, 2013 (SRO No. 795/2013), സമിതി നിർദ്ദേശപ്രകാരം റദ്ദാക്കുന്നതിലേക്കായി പുറപ്പെടുവിക്കേണ്ട വിജ്ഞാപനത്തിന്റെ കരട് സമിതി വിശദമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

In para 4 of the draft Notification, for the words " amendment rules issued under as SRO No. 795/2013" , the words " amendment rules issued as SRO No. 795/2013" shall be substituted.

**III. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

1) 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ: 3415/സബ്.സി.എഫ്2/2014/നി.സെ)

ശിപാർശ നമ്പർ: 2,7,8,9,10,11,47,63

2) 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ: 5617/സബ്.സി.എഫ്2/2011/നി.സെ)

ശിപാർശ നമ്പർ: 1

**IV. <u>കരട് റിപ്പോർട്ട് പരിഗണന</u>**

"ലബോറട്ടറികളുടെ ശാക്തീകരണം" എന്ന വിഷയം സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ: 1027/സബ്.സി.എഫ്2/2014/നി.സെ)

ചട്ടം 235 എ പ്രകാരം സമിതി നടത്തിയ ചർച്ചയുടേയും സമിതിയുടെ അന്യസംസ്ഥാന പഠന പര്യടനത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ "ലബോറട്ടറികളുടെ ശാക്തീകരണം" എന്ന വിഷയത്തിന്മേലുള്ള റിപ്പോർട്ടിന്റെ കരടിൽ കുറച്ച് വിവരങ്ങൾ കൂടി ചേർക്കേണ്ടതുണ്ടെന്നും ആയത് കൂടി ഉൾപ്പെടുത്തി അടുത്ത നിയമസഭാ സമ്മേളനത്തിന് മുൻപേ കൂടുന്ന സമിതി യോഗത്തിൽ പരിഗണിക്കാമെന്നും സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് അവസാനിച്ചു.

-------

## 7-12-2015-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2015 ഡിസംബർ 7, തിങ്കളാഴ്ച വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീമതി പി. അയിഷാപോറ്റി, എം.എൽ.എ
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ,എം.എൽ.എ
3. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ
4. ശ്രീ. കെ. ദാസൻ, എം.എൽ.എ
5. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ
6. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി എൻ.ഡി. ശോഭ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. എൽഫീജ് രാജൻ, ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
3. ശ്രീ. എസ്. രാധാകൃഷ്ണൻ, സ്പെഷ്യൽ ഓഫീസർ, ഡി.എം.ഇ
4. ഡോ. കെ. ശ്രീകുമാരി, ജോയിന്റ് ഡി.എം.ഇ (ഇൻ ചാർജ്)
5. പ്രൊഫ. വൈ. പ്രസന്നകുമാരി, ജെ.ഡി.എൻ.ഇ (നഴ്സിംഗ്)

യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും ഓരോന്നിനും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

I. **<u>സമിതി നിർദ്ദേശിച്ച പ്രകാരമുള്ള തിരുത്തൽ വരുത്തി പുതുക്കിയ കരട് ചട്ടം യഥാസമയം പരിഗണനയ്ക്കായി ലഭ്യമാക്കാത്തതു സംബന്ധിച്ച് നടത്തിയ തെളിവെടുപ്പ്</u>**

1. **കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് പ്രഥമ സ്റ്റാറ്റ്യൂട്ട്-2013 (SRO-350/2013)**

(ഫയൽ നമ്പർ 5988/സബ്സി എഫ് 2/2013/നി.സെ)

സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചിരുന്നതും സമിതി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതുമായ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് പ്രഥമ സ്റ്റാറ്റ്യൂട്ടിന്റെ പുതുക്കിയ രൂപം നാളിതുവരെ ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞു. സമിതി നിർദ്ദേശിച്ച തിരുത്തലുകൾ ഉൾപ്പെടുത്തിയ ചട്ടങ്ങൾ അംഗീകരിച്ച് നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യുന്ന ഘട്ടത്തിലാണെന്നും ആയത് പ്രിന്റിംഗിനായി അയച്ചിട്ടുണ്ടെന്നും ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഭേദഗതി വരുത്തുന്ന സ്റ്റാറ്റ്യൂട്ടിന്റെ കരട് നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് സമർപ്പിക്കണമെന്നും സമിതിയുടെ അംഗീകാരം ലഭിച്ച് കഴിഞ്ഞതിനു ശേഷം മാത്രം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ മതിയാകുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രിന്റിംഗിനയച്ച മേൽ സൂചിപ്പിച്ച വിജ്ഞാപനം തിരികെ വാങ്ങാമെന്നും സ്റ്റാറ്റ്യൂട്ട് കരട് രൂപത്തിൽ ഉടൻതന്നെ സമിതിയിൽ സമർപ്പിക്കാമെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

2. **കേരള മെഡിക്കൽ എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസ് - 2007**

(ഫയൽ നമ്പർ: 11784/സബ്സി എഫ്2/2011/നി.സെ)

സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് ഡ്രാഫ്റ്റ് തയ്യാറായിട്ടുണ്ടെന്നും സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയ്ക്ക് ശേഷം പി. ആന്റ് എ.ആർ.ഡി,

നിയമ വകുപ്പ്, എന്നീ വകുപ്പുകളുടെ പരിശോധന കൂടി നടത്തിയ ശേഷം ഒരു മാസത്തിനകം ഡ്രാഫ്റ്റ് റൂൾസ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ: 3360/സബ്സി എഫ്2/15/നി.സെ)

റിപ്പോർട്ടിലെ അഞ്ചാമത്തെയും ആറാമത്തെയും ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## III. 29-4-2013-ലെ സമിതി യോഗത്തിലെ മൂന്നാമത് നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിനുള്ള മറുപടി

(ഫയൽ നമ്പർ 3347/സബ്സി എഫ്2/2013/നി.സെ)

29-4-2013-ലെ സമിതി യോഗത്തിൽ "സ്കൂൾ കുട്ടികളിൽ പ്രമേഹ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക" എന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 13-7-2015-ലെ സമിതിയോഗത്തിൽ പരിഗണിക്കവേ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## IV. കരട് റിപ്പോർട്ട് പരിഗണന

'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ: 1027/സബ്സി എഫ്2/2014/നി.സെ)

യോഗം വൈകുന്നേരം 6.15 ന് അവസാനിച്ചു..

--------

## 9-3-2016 ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2016 മാർച്ച് 9 ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. ചെയർമാൻ ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.വി.എസ്.ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീമതി പി.അയിഷാപോറ്റി, എം.എൽ.എ.
2. ശ്രീ.ഐ.സി.ബാലകൃഷ്ണൻ, എം.എൽ.എ.
3. ശ്രീ.പി.കെ.ബഷീർ, എം.എൽ.എ.
4. ശ്രീ.എ.റ്റി.ജോർജ്, എം.എൽ.എ.
5. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ, എം.എൽ.എ.
6. ശ്രീ.റോഷി അഗസ്റ്റിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ.റ്റി.മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ.ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ.സന്തോഷ്കുമാർ ആർ.എസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1.ഡോ.എം.ബീന, സെക്രട്ടറി(ഇൻ-ചാർജ്), ആരോഗ്യ വകുപ്പ് &സെക്രട്ടറി ആയുഷ് വകുപ്പ്

2.ശ്രീമതി എൻ.ഡി.ശോഭന, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

3.ശ്രീ.കൃഷ്ണ ശർമ്മ.പി, അഡീഷണൽ സെക്രട്ടറി, ഹെൽത്ത് & ഫാമിലി വെൽഫെയർ

4.ശ്രീ.എൻഫിന്റ് ടാജൻ, ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്.
5.ഡോ.എ.നളിനാക്ഷൻ, പ്രോ-വൈസ്ചാൻസലർ, കെ.യു.എച്ച്.എസ്.

6.ശ്രീ.ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ.

യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

I കരട് സ്റ്റാറ്റ്യൂട്ടിന്റെ പരിശോധന

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് പ്രഥമ സ്റ്റാറ്റ്യൂട്ട് 2015

(ഫയൽ നമ്പർ 5988/സബ്സിഎഫ്2/2013/നി.സെ.)

സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയിരുന്നതും 19-6-2014-ലെ സമിതി യോഗതീരുമാനപ്രകാരം തിരിച്ചയച്ചതുമായ 2013 ലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (SRO No.350/2013) റദ്ദാക്കിക്കൊണ്ടും സമിതി നിർദ്ദേശിച്ച പ്രകാരമുള്ള തിരുത്തലുകൾ വരുത്തിക്കൊണ്ടുമുള്ള പുതിയ സ്റ്റാറ്റ്യൂട്ടിന്റെ കരട് പരിഗണിക്കുന്നത് മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

II കരട് ചട്ടങ്ങളുടെ പരിശോധന

1.കേരള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് സർവ്വീസ് സ്പെഷ്യൽ റൂൾസ്-2016

2.കേരള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്-2016

(ഫയൽ നമ്പർ 1299/സബ്സിഎഫ്2/2016/നി.സെ.)

പ്രസ്തുത കരട് ചട്ടങ്ങളുടെ പരിഗണന മറ്റൊരവസരത്തിലേക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

III ചട്ടത്തിന്റെ സാധൂകരണം

കേരള പബ്ലിക് ഹെൽത്ത് നഴ്സിംഗ് സർവ്വീസ് സ്പെഷ്യൽ റൂൾസ്-2014

(എസ്.ആർ.ഒ-794/2014)

(ഫയൽ നമ്പർ 5849/സബ്സിഎഫ്2/2015/നി.സെ.)

പ്രസ്തുത ചട്ടങ്ങൾ സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

IV സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

(ഫയൽ നമ്പർ 4456/സബ്സിഎഫ്2/2014/നി.സെ.)

" പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം " എന്ന പ്രത്യേക റിപ്പോർട്ടിലെ പതിനാറാം നമ്പർ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

V <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3360/സബ്സിഎഫ്2/2015/നി.സെ.)

റിപ്പോർട്ടിലെ 49-ാം നമ്പർ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തുടർന്ന്, പതിമൂന്നാം കേരള നിയമസഭയിൽ സമിതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ചെയർമാൻ ഒരു സംക്ഷിപ്ത വിവരണം നടത്തി.

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ 2011 ജൂൺ 28 ന് രൂപീകൃതമായ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി -XII അതിന്റെ കാലയളവിൽ 20 യോഗങ്ങളും തുടർന്ന്, 2013 ഡിസംബർ 28 ന് രൂപീകൃതമായ പുതിയ സമിതി നാളിതുവരെ 23 യോഗങ്ങളും ഉൾപ്പെടെ 13-ാം കേരള നിയമസഭയുടെ കാലയളവിൽ സമിതി ആകെ 43 യോഗങ്ങൾ ചേരുകയുണ്ടായി. ചട്ടം 235(എ) പ്രകാരമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 8 യോഗങ്ങളും കേരളം സന്ദർശിച്ച കെനിയൻ നെയ്റോബി കൗണ്ടി ഹെൽത്ത് സെക്ടറൽ കമ്മിറ്റിയുമായുള്ള ഒരു സംയുക്ത യോഗവും സമിതി ചേരുകയുണ്ടായി. മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി മലബാർ കാൻസർ സെന്റർ സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. 'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയത്തെക്കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി സമിതി ഡൽഹി, ഗുജറാത്ത്, കർണ്ണാടക, മഹാരാഷ്ട്ര

എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ വിവിധ ലബോറട്ടറികൾ സന്ദർശിക്കുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതായും ചെയർമാൻ അറിയിച്ചു.

പതിമൂന്നാം കേരള നിയമസഭയിലെ രണ്ട് സമിതികളുടെ കാലയളവിലായി അഞ്ച് പീരിയോഡിക്കൽ റിപ്പോർട്ടുകൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ച് റിപ്പോർട്ടുകൾ, അഞ്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം, ലബോറട്ടറികളുടെ ശാക്തീകരണം എന്നീ വിഷയങ്ങൾ സംബന്ധിച്ച രണ്ട് പ്രത്യേക റിപ്പോർട്ടുകൾ ഉൾപ്പെടെ ആകെ 17 റിപ്പോർട്ടുകൾ സമിതി സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

ഇക്കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി അയച്ച 2012 ലെ "കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സ്ഥാപനങ്ങളും (അതിക്രമങ്ങളും സ്വത്തിന്റെ നാശവും തടയൽ) ബിൽ " സമിതി പരിഗണിക്കുകയും ബിൽ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

മൂന്ന് ചട്ടങ്ങൾ കരട് രൂപത്തിൽ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ, മൂന്ന് ചട്ടങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുകയും സാധൂകരണം നൽകുകയും ചെയ്തിട്ടുണ്ട്.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ യഥാസമയം നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്ത വകുപ്പുമേധാവികളിൽ നിന്നും നിരന്തരമായ ഇടപെടലുകളിലൂടെയും തെളിവെടുപ്പുകളിലൂടെയും അവ ലഭ്യമാക്കുന്നതിനും സമയബന്ധിതമായി അത്തരം കാര്യങ്ങൾ തീർപ്പാക്കുന്നതിനും സമിതിയ്ക്ക് കഴിഞ്ഞതായി ചെയർമാൻ വ്യക്തമാക്കി. ഇത്തരത്തിൽ സമിതിയുടെ പ്രവർത്തനം വിജയകരമാക്കാൻ സഹായിച്ച എല്ലാ സമിതി അംഗങ്ങൾക്കും നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർക്കും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും സമിതി ചെയർമാൻ പ്രത്യേക നന്ദി അറിയിക്കുകയുണ്ടായി.

യോഗം ഉച്ചയ്ക്കുശേഷം 12.30 ന് അവസാനിച്ചു.

## അനുബന്ധം II

### List of firms blacklisted by KMSCL

| Sl No | Name of Company | Address | Blacklisted Order No & Date | Validity of blacklisting | Reason for blacklisting |
|---|---|---|---|---|---|
| 1 | Agron Remedies Pvt Ltd | Sarverkhera, Moradabad Road, P.B.No:03, Kashipur-244713 U.S.Nagar, Uttarakhand | 1922/PUR/KMSCL/2011 Dated 22.3.2011 | 2011-2014 | Violation of Tender Conditions |
| 2 | Alfred Berg & Co. Ltd | No.1, Hunters Road, Chennai-600112 | 1885/PUR/KMSCL/2010 Dated 21.11.2011 | 2011-2014 | Violation of Tender Conditions |
| 3 | Erica Mirmaya Ethicals Pvt Ltd | 80/A, Govt.Industrial Estate, (Charkop) Kandivali (W), Mumbai-400067 | 7220/PUR/KMSCL/2010 Dated 29.01.2011 | 2011-2014 | Defaulted Supply of Products |
| 4 | Medipol Pharmaceutical India (P) Ltd | 128/5, Swiss House, Vishwas Nagar, Delhi-110032. | 8969/PUR/KMSCL/2010 Dated 21.12.2010 | 2011-2014 | Violation of Tender Conditions |

Brief notes about cases initiated against the branded product of 'Indulekha, Dhathri and Sreedhariyam'

The officers of the department conducted raids on 10.5.2012 and 11.5.2012, in the various medical shops in the State to find out whether the product marketed contravene the Drug and Magic Remedies (Objectionable Advertisement) Act (DMROA) and initiated the following 20 cases in the different courts in the State.

| Sl. | Designation of Officer | Name of drugs | Manufacturer. |
|---|---|---|---|
| 1. | DI, Wayanad | Sreedhariyam Smartlean Slimming and fitness capsule | Sreedhariyam Ayurveda Medicines Pvt.Ltd, Koothattukulam. |
| 2. | DI, Palakkad | do- | do- |
| 3. | DI (IB) Ernakulam | do- | do- |

Against this the manufacturer filed a W.P.(C) No.11388/12 before the Hon'ble High Court of Kerala to stay further proceedings. The Honourable Court not granted any Interim Order. The Writ petition received in this office on 19.5.2012 and statement of facts sent to the Advocate General on 01.6.2012 and the petition is now pending before the Honourable Court.

| | | | |
|---|---|---|---|
| 4. | DI-IV, Thiruvananthapuram | Dhathri Hair Care Capsule | Warrior's Hospital & Panchakarma Centre, Kayamkulam. |
| 5. | DI-III, Thiruvananthapuram | Dhathri Diavita Plus | do- |
| 6. | DI, Pathanamthitta | Dhathri Dair Skin Cream | do- |
| 7. | DI-II, Alappuzha | Dhathri Hair Care Herbal Oil | do- |
| 8. | DI, Alappuzha | Dhathri Fair Skin Cream | do- |
| 9. | DI, Kasargod | Dhathri Hair Care Herbal Oil | do- |

Against this action the manufqacturer filed a W.P.(C)No.16511/12 before the Hon'ble High Court of Kerala and got interim order on 16.7.2012. A letter was sent to the Advocate General on 20.7.2012 to defend the petition. The statement of facts in the petition sent to Advocate General on 31.7.2012. Another letter was sent to the Advocate General on 04.4.2013 requesting to take steps to vacate the stay order and steps may be taken to dismiss the petition, which was now pending before the Honourable Court.

| | | |
|---|---|---|
| 10. | DI (IB), Kannur | Indulekha Bringa Oil |
| 11. | DI, Idukki | Indulekha Skin Care Oil |
| 12. | DI-IV, Ernakulam | Indulekha Bringa complete |
| 13. | DI, Idukki | Indulekha Bringa Oil |
| 14. | DI-V, Ernakulam | Indulekha Complete Skin care Oil |
| 15. | DI, Kottayam | Indulekha Bringa Hair Care Oil |
| 16. | DI, Thrissur | Indulekha Bringa Hair Care Oil |
| 17. | DI-Kottayam | Indulekha Bringa Hair Care Oil |
| 18. | DI, Kollam | Indulekha Bringa Hair Care Oil |
| 19. | DI, Thrissur | Indulekha Bringa Hair Care Oil |
| 20. | DI, Kozhikode | Indulekha Bringa Hair Care Oil |

Against the action initiated the manufacturer filed W.P.(c) No. Before the Hon'ble High Court of Kerala. The Honourable Court granted stay on 07.6.2012. The copy of the Writ petition received in this order 08.6.2012. Statement of facts sent to the Advocate General on 14.6.2012 & 02.7.2012 the Honourable Court issued an order to release the drug seized and produced before the lower court. On 05.7.2012 another letter was send to the Advocate General to file Revision/Appeal against the order dated 02/7/2012. A letter was sent to the Advocate General on 27.7.2012. Another letter sent to Advocate General on 16.4.2013 to vacate the stay order and to dismiss the petition, which is now pending before the court.

It may be noted that, the department has initiated 97 cases against offenders who advertise the drugs in violation of DMR (OA)Act and the details of such cases are enclosed herewith for information.

DRUGS CONTROLLER (I/C)

## Cases Registered for Violation of Drugs and Magic Remedies Objectionable Advertisement Act 1954

| Sl No | Date of detection | Detecting Officer | Product Name | Name and Address of the accused | Case No. | Name of Court | Present Stage |
|---|---|---|---|---|---|---|---|
| 1 | 7/6/11 | DI (Z-IV) Thrissur | 1) Lavana Thailam 2) Vaji Tailam | Institute of Indian Therapies. Annamannada, Thrissur | ST7204/11 ST7203/11 | JFMC, Chalakudy | Filed on 01/10/11 First Posting 01/11/11 |
| 2 | 24/3/10 | DI(IB), THrissur | 1) Health Card 2) Health Built Card | Nano Excel Enterprises Ltd, Hydrabad | ST812/11 | CJM, THrissur | Under Trial |
| 3 | 14/12/10 | DI, Kasaragod | 1)Balovita Cap. 2)Balovita massage Oil | Balona Lifecare Science & Drugs Co. Payal Nagar, Baroda, Ahmedabad | Not filed | JFMC II, Hosdurg, Kasaragod | Under Investiga tion |
| 4 | 17/02/11 | DI, Kottayam | Bloom | Kunnathuvalappil Pharmaceuticals, Thrissur | Not filed | JFMC III, Kottayam | Under Investiga tion |
| 5 | 09/6/02 | DI,Ernakulam | Carofit D | Ajantha Pharma Ltd, Mumbai, 400007 | CCNo2044/0 2 | CJM Court Ernakulam | Under Trial |
| 6 | 18/02/00 | DI (Z-1) Kozhikode | Cholestrol QR Tablets | Fair Pharma, Ernakulam | ST1008/03 | JFCM-I, Kozhikode | High Court stay |
| 7 | 13/9/11 | DI (Z-II) Kozhikode | Daliya Massage Oil | Ellorqa Ayurvedic Pharma, Kollam 691307 | Not filed | CJM, Kozhikode | Under Investiga tion |
| 8 | 25/8/11 | DI, Ernakulam | DB Tone | M/sS P S Bio Science P.O, Chelarai, Ernakulam | T67/2011 | JFMCIII, Ernakulam | Under Investiga tion |
| 9 | 23/02/11 | DI,Malappuram | Devadasi Madanasaakthi Oil | Pandava Ayur Remedies, Annamanada, Trissur | Not filed | JFMC-I Parinthalma nna | Under Investiga tion |
| 10 | 13/9/11 | DI (Z-IV) Kozhikode | Devaddhathu Choorna | Alpha Ayurvedic pharmaceuticals, Ullanoor | Not filed | CJM, Kozhikode | Under Investiga tion |
| 11 | 04/01/02 | DI, TVPM | Diakyur | Amruthanjan Ltd, Mylapore, Chennai-4 | CC1628/02 | JFMC, Kattakada | Under Trial |
| 12 | 01/6/11 | DI, Ernakulam | Diavitta Plus Capsule | Warners Hospital and Panchakarma Centre, Kayamkulam | Not filed | | Under Investiga tion |
| 13 | 04/01/02 | DI, TVPM | Franch Oil | Franch Tech Marketing Service, Chennai | CC1630/02 | JFMC, Kattakada | Under Trial |
| 14 | 10/12/10 | DI (Zone II) Kozhikode | Herbosutra Capsule | Maydew Vedic Herbal Research and Formulations (India) Pvt Ltd, Kochi | Not filed | CJM, Kozhikode | Under Investiga tion |
| 15 | 28/7/10 | DI, Ernakulam | K-Vigo | K-Link Health Care (India Pvt Ltd, Chennai) | ST499/11 | JFMC I Ernakulam | Under Trial |
| 16 | 13/12/10 | DI (IB), Kannur | Kamagold | Laborate Pharmaceuticals India Ltd. HP | Not filed | JFMC I, Kannur | Under Investiga tion |
| 17 | 06/9/06 | DI (Ayur), Kollam | Krishna Thulasi Cough Syrup | MVM Reasearch Lab. Pooyappalli, Kollam | ST 1145/08 | JFMC II, Kottarakara | Under Trial |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 18 | 17/02/11 | DI, Kottayam | Maruthua Mydays Ayurvedic Women Care Syrup | Marutua Pharma, Thiruvananthapuram | Not filed | JFMC III Kottayam | Under Investigation |
| 19 | 13/9/11 | DI (ZIII), Kozhikode | Mehyog | Francis Vaidyans Ayurveda Vaidyasala Pvt.Ltd Thrissur | Not filed | CJM, Kozhikode | Under Investigation |
| 20 | 13/02/07 | DI (Ayur) Ernakulam | Musli Power X-tra | Kunnath Pharmaceuticals, Muvattupuzha | CC640/07 | JFMC II Ernakulam | Under Trial |
| 21 | 05/5/10 | DI (Ayur) Ernakulam | Musli Power X-tra Capsules | Kunnath Pharmaceuticals, Muvattupuzha | Not filed | Addl.CJM (Ecconomic Offences), Ernakulam | Under Trial |
| 22 | 17/12/09 | DI, Ernakulam | Musli Power X-tra | Kunnath Pharmaceuticals, Muvattupuzha | CC513/10 | JFMC Muvattupuzha | Under Investigation |
| 23 | 24/3/11 | DI, Ernakulam | Nanowatch | Nano Excel Enterprizes Ltd. | CC107/11 | JFMC II, Aluva | Under Trial |
| 24 | 01/11/01 | DI, TVPM | OG3Veg | Franch Tech.Marketing Service, Chennai | ST 1631/02 | JFMC Kattakada | Under Trial |
| 25 | 24/11/08 | DI(SIB),TVPM | Power Capsule | Ibusina Herbal Products, Malappuram | ST 312/09 | CJM Court, Kozhikode | Under Trial |
| 26 | 30/12/10 | DI(IB), Kozhikode | Primefit Capsules | Fort Herbal Remedies Annamanada, Thrissur | Not filed | JFMC Kozhikode | Under Investigation |
| 27 | 24/02/11 | DI, Malappuram | Rajasree Kadali Tone | Chands Ayurvedic, Parinjanam, Thrissur | RP 51/11 | JFCM Court, Malappuram | Under Investigation |
| 28 | 10/12/10 | DI(SIB),TVPM | Dabar Srigopal Thailam | Dabar India Ltd, New Delhi | CC 125/11 | JFMC Kozhikode | Convicted fine of Rs 2000/- |
| 29 | 12/9/11 | DI(IB), Kozhikode | SBM Special Black Kuminseed Oil | Sree Bhagavathi Madam, Thrissur | Not filed | JFMC, Kozhikode | Under Investigation |
| 30 | 01/11/01 | DI, TVPM | Slimkit | Franch Tech.Marketing Service, Chennai | ST 29/02 | JFMC, Kattakada | Under Trial |
| 31 | 23/5/11 | DI, Ernakulam | Smartlean | M/s Sreedhareevam Ayurvedic Medicines (P)Ltd, Koothattukulam | Not filed | JFMC, Ernakulam | Under Investigation |
| 32 | 12/9/11 | DI(ZI), Kozhikode | Sunethra Senior Eye drops | Sreedhareevam, Ernakulam | Not filed | JFMC Kozhikode | Under Investigation |
| 33 | 13/8/06 | DI (Ayur) Ernakulam | Utharayani | Herbocare, Palakkad | T 859/07 | JFMC II Ernakulam | Under Trial |
| 34 | 19/10/10 | DI, TVPM | Vaji Thailam | Institute of Indian Therapies, Thrissur | CC 493/11 | ACJM, Trivandrum | Under Trial |
| 35 | 08/12/10 | DI, TVPM | DB Tone | Mediwing Pharmaceuticals Pvt Ltd & S P S Bioscience, Kochi | CC 615/11 | JFMC III, TVPM | Under Investigation |
| 36 | 23/02/11 | DI, Palakkad | Sreedhareeyam smartlean | M/s Sreedhareevam Ayurvedic Medicines (P)Ltd. Koothattukulam | Not filed | JFCM Court, Palakkad | Under Trial |

| | | | | | | | |
|---|---|---|---|---|---|---|---|
| 37 | 03/01/11 | DI, Wayanad | Kurunthotti Thailam | Kattoli Ayurvedic, Palakkad | Not filed | CJMC, Kalpatta | Under Investiga tion |
| 38 | 29/9/11 | DI, Idukki | DIOgEN | Divine Pharma, Kottayam | Not filed | JFMC, Kattappana | Under Investiga tion |
| 39 | 29/9/11 | DI(Z-I) Thrissur | MEHAMIX | Ayur Research Centre, Thrippunnithura | Not filed | C.J.M, Thrissur | Under Investiga tion |
| 40 | 18/10/11 | DI(Z-III) | Barfani's Hair Grow 100 | Charankat Ayurvedic Pharmaceuticals, Cherthala, Alappuzha | Not filed | JFCM Court, Cherthala | Under Investiga tion |
| 41 | 01/11/01 | DI, TVPM | Diafite | Franch Tech.Marketing Service, Chennai | S T 1629/02 | JFMC, Kattakada | Under Investiga tion |
| 42 | 27/10/11 | DI9Z-II0, Kannur | Diazip | M/s Malabar mates, Kannur, Pin 670006 | Not filed | JFCM I, Kannur | Under Investiga tion |
| 43 | 23/9/11 | Senior DI (Ayur) Kollam | Kumarikalpam | Santhosh Pharmacy, Kadalundi Nagaram | Not filed | | Under Investiga tion |
| 44 | 12/10/11 | DI(Ayur), Kozhikode | Mehamix Capsules | Ayur Research Centre, Thrippunnithura | not filed | JFMC Court Kozhikode | Under Investiga tion |
| 45 | 12/10/11 | DI(Ayur), Kozhikode | DB Tone | Mediwing Pharmaceuticals Pvt Ltd & S P S Bioscience, Kochi | not filed | JFMC Court Kozhikode | Under Investiga tion |
| 46 | 23/9/11 | DI(Ayur), Kollam | Ayur Care lavana Thailam | Institute of Indian Therapies, Annamannada, Thrissur | not filed | JFMC, Kollam | Under Investiga tion |
| 47 | 07/12/11 | DI (IB) Ernakulam | Meha Capsules | Vanitha Ayur Research Centre, Thrippunnithura, Ernakulam | not filed | JFMC II Ernakulam | Under Investiga tion |
| 48 | 24/11/11 | DI (Z-II) Thrissur | Ayur Care No fat Mix Udwarthana m paste | Institute of Indian Therapies, Annamannada, Thrissur | not filed | JFMC, Thrissur | Under Investiga tion |
| 49 | 13/9/11 | DI, Kozhikode | Mehayog | Francis Vaidyans Ayurveda Vaidyasala Pvt.Ltd Thrissur | not filed | JFMC Kozhikode | Under Investiga tion |
| 50 | 06/12/11 | DI, Ernakulam | Diab mix | Vanitha Ayur Research Centre, Thripunithura | not filed | JFMC II Ernakulam | Under Investiga tion |
| 51 | 24/11/11 | DI, Zone III Thrissur | Ayur Care no fat Lavanathailam | Institute of Indian Therapies, Annamannada, Thrissur | not filed | | Under Investiga tion |
| 52 | 30/12/11 | DI Zone III, Tvm | Maruthua Mydays Ayurvedic WomenCare Syrup | Marutua Pharma, Thiruvananthapuram | not filed | JFMC, Neyyattin kara | Under Investiga tion |
| 53 | 29/12/11 | DI Zone III, Tvm | Mathuramrutham | Institute of Indian Therapies, Annamannada, Thrissur | not filed | JFMC Kattakkada | Under Investiga tion |
| 54 | 01/01/12 | DI, Kollam | Natural Lypa Lehyam | Talcom Company | not filed | JFMC I, Kollam | Under Investiga tion |

| | | | | | | | |
|---|---|---|---|---|---|---|---|
| 55 | 27/12/11 | DI, Kottayam | PramehaSantham Kaashayam | Kuls Ayurvedic Herbal Products, Kanjirapally | not filed | JFMC III, Kollam | Under Investiga tion |
| 56 | 04/01/12 | DI, Kottayam | Diablife | Susrutha Pharmaceuticals, Mudakuzha, Ernakulam | not filed | JFMC III, Kottayam | Under Investiga tion |
| 57 | 27/11/11 | DI, Kottayam | Dhathri Diavitta Plus | Warriers Hospital and Panchakarma Centre, Kayamkulam | not filed | JFMC III, Kottayam | Under Investiga tion |
| 58 | 23/12/11 | | Yodha Tripple Action Herbal Medicine for men | Shree Herbal Remedies, Tvm | not filed | JFMC I, Hosdurg | Under Investiga tion |
| 59 | 27/12/11 | DI, Kottayam | Sreedhareeyam Smartlean | Sreedhareeyam Ayurvedic Medicines Ernakulam | not filed | JFMC III, Kottayam | Under Investiga tion |
| 60 | 27/12/11 | DI, Kottayam | Vaji Thailam | Institute of Indian Therapies, Annamannada, Thrissur | not filed | | Under Investiga tion |
| 61 | 29/12/11 | DI, Idukki | DB Tone | SPS Bio Sciences, Kochi | not filed | JFMC, Kattappan a | Under Investiga tion |
| 62 | 29/12/11 | DI, Ernakulam | Vaji Thailam Preasure Oil | Institute of Indian Therapies, Annamannada, Thrissur | not filed | JFMC II, Ernakulam | Under Investiga tion |
| 63 | 27/12/11 | SDI Zone II Ernakulam | Vrinda Tone Syrup | Alpha Ayurvedic pharmaceuticals, Pathanamthitta | not filed | CJMC, KDE | Under Investiga tion |
| 64 | 26/12/11 | DI Zone II Ernakulam | Maruthua Mydays Ayurvedic WomenCare Syrup | Marutua Pharma, Thiruvananthapuram | not filed | JFMC II Ernakukam | Under Investiga tion |
| 65 | 28/12/11 | DI-IV, Kozhikode | Suryamrutham | S4ri Bhagavathy Madam Ayurveda Nikethan, Thrissur | not filed | FMC II Ernakukam | Under Investiga tion |
| 66 | 28/12/11 | DI-II, Kozhikode | Sulthan Forte Ayurveda Capsules | Pothingal Pharma (P) Ltd, Chennai | not filed | CJMC Kozhikode | Under Investiga tion |
| 67 | 30/01/11 | CIDIS, Tvm | Mathuramrutham | Institute of Indian Therapies, Annamannada, Thrissur | not filed | JFMC Kattakkada | Under Investiga tion |
| 68 | 28/12/11 | DI Zone III, Kozhikode | COSMOTOPNE U | Cosmovision Herbals (India)PLtd, Kundukad, Thrissur-680028 | not filed | CJM Court, Kozhikode | Under Investiga tion |
| 69 | 28/12/11 | | Mathuramrutham | Institute of Indian Therapies, Annamannada, Thrissur | | JFMC Kattakkada | Case filed in the court |
| 70 | 30/12/11 | | Maruthua Mydays Ayurvedic WomenCare Syrup | Marutua Pharma, Thiruvananthapuram | | JFMC Neyyattin kara | Under Investiga tion |
| 71 | 05/9/11 | DI(Ayurveda), Kozhikode | Indulekha Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | | JFMC Thalassery | |
| 72 | 10/5/12 | | Dhathri Hair Care Capsules | Warriers Hospital and Panchakarma Centre, Kayamkulam | not filed | JFMC I Tvpm | Under Investiga tion |

| | | | | | | | |
|---|---|---|---|---|---|---|---|
| 73 | 10/5/12 | | Dhathri Diavitta Plus | Warriers Hospital and Panchakarma Centre, Kayamkulam | not filed | JFMC I Tvpm | Under Investigation |
| 74 | 10/5/12 | DI(IB), Kannur | Indulekha Bringa Complete Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | not filed | JFMC, Thalasserry | Under Investigation |
| 75 | 11/5/12 | DI, Idukki | Indulekha Complete Skin Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | not filed | CJMC Thoduppuzha | Under Investigation |
| 76 | 11/5/12 | DI, Idukki | Indulekha Bringa Complete Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | not filed | CJMC Thduppuzha | Under Investigation |
| 77 | 10/5/12 | DI (Zone IV) Ernakulam | Indulekha Bringa Complete Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | not filed | JFMC Alwaya | Under Investigation |
| 78 | 10/5/12 | DI (Zone V) Ernakulam | Indulekha Bringa Complete Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | not filed | JFMC I Ekm | Under Investigation |
| 79 | 10/5/12 | DI (Zone IV) Ernakulam | Indulekha Complete Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | not filed | JFMC II Ekm | Under Investigation |
| 80 | 11/5/12 | DI (Zone V) Ernakulam | Indulekha Complete Skin Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | not filed | JFMC I, Alwaya, Ekm | Under Investigation |
| 81 | 11/5/12 | DI, PTA | Dhathri Fair Skin Cream | Warriers Hospital and Panchakarma Centre, Kayamkulam | Not filed | JFMC, PTA | Under Investigation |
| 82 | 10/5/12 | DI, Wayanad | Sreedhareeyam Smartlean | Sreedhareeyam Ayurvedic Medicines Ernakulam | Not filed | CJMC KDE | Under Investigation |
| 83 | 10/5/12 | DI, Alappuzha | Dhathri HairCare Capsules | Dhathri Ayurvedic Pvt. td. Alappuzha | Not filed | JFMC I, Alappuzha | Under Investigation |
| 84 | 10/5/12 | DI, Alappuzha | Dhathri Fair Skin Cream | Dhathri Ayurvedic Pvt. td. Alappuzha | Not filed | JFMC I, Alappuzha | Under Investigation |
| 85 | 10/5/12 | DI, Kazaragod | Dhathri Hair Care Capsules | Warriers Hospital and Panchakarma Centre, Kayamkulam | Not filed | JFMC, Kasaragod | Under Investigation |
| 86 | 28/6/12 | DI (Ayur), Kollam | Lavana Thailam | Institute of Indian Therapies, Annamannada, Thrissur | Not filed | CJMC, Kollam | Under Investigation |
| 87 | 10/5/12 | DI, Kozhikode | Bringa Complete Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | Not filed | JFMC I, Kozhikode | Under Investigation |

| | | | | | | | |
|---|---|---|---|---|---|---|---|
| 88 | 10/5/12 | DI, Kottayam | Indulekha Skin Hair Care Oi | Moson's Extractions Indulsrial Estate, Palayad, Dharmadam, Thalassery | Not filed | JFMC III, Kollam | Under Investiga tion |
| 89 | 10/5/12 | DI, Kottayam | Indulekha Complete Hair Care Oil | Moson's Extractions Industrial Estate, Palayad, Dharmadam, Thalassery | Not filed | JFMC III, Kollam | Under Investiga tion |
| 90 | 29/12/11 | DI, Ernakulam | Rajasree Kadali Tone | Chands Ayurvedics, Perinujanam, Thrissur | Not filed | ACJM, Ernakulam | Under Investiga tion |
| 91 | 27/11/12 | DI (Ayur) Ernakulam | Balovita | Urjah Plus Bio Science, Palarivattom | Not filed | JFMC II, Ernakulam | Under Investiga tion |
| 92 | 21/12/12 | DI (Z IV), Kozhikode | Sunson Mohana Choornam | Sunson Pharmaceuticals, Payyannur | Not filed | JFMC III, Kozhikode | Under Investiga tion |
| 93 | 12/12/12 | DI (Z II), Thrissur | Rajasree Kadali Tone | Chhandans Ayurvedics, Parinjanam, Thrissur | Not filed | CJMm Thrissur | Under Investiga tion |
| 94 | 27/12/12 | DI (Zone III), Malappuram | Sakthi Capsules | Vaidya's Ayurveda Production Research Centlre, Kannur | Not filed | JFMC, Malappura m | Under Investiga tion |
| 95 | 26/12/12 | DI (Z III) Kozhikode | Sunson Sumedhini Choornam | Sunson Pharmaceuticals, Payyannur | Not filed | JFMC III, Kozhikode | Under Investiga tion |
| 96 | 29/12/12 | DI (Zone III), Palakkad | Rajasree Kadali Tone | Chhandans Ayurvedics, Parinjanam, Thrissur | Not filed | JFMC, Palakkad | Under Investiga tion |
| 97 | 21/12/12 | DI (Zone II) Kozhikode | Agni Ayur Drugs | M P Ayurveda Research laborataries, Kollam | Not filed | CJM III, Kozhikode | Under Investiga tion |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.